പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തരകാര്യങ്ങൾ)

2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

2013 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

**സബ്ജക്ട് കമ്മിറ്റി XIV**
**(ആഭ്യന്തരകാര്യങ്ങൾ)**

2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ
ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

956/2013.

## ഉള്ളടക്കം

*പേജ്*

| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി XIV

## ആഭ്യന്തരകാര്യങ്ങൾ

## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

,, പി. സി. ജോർജ്

,, റ്റി. എ. അഹമ്മദ് കബീർ

,, കോടിയേരി ബാലകൃഷ്ണൻ

,, സി. ദിവാകരൻ

,, മാത്യു റ്റി. തോമസ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, രമേശ് ചെന്നിത്തല

,, കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

" കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി

" റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ രണ്ടാമത് റിപ്പോർട്ട് 11-6-2012-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികൾ 15-11-2012, 17-1-2013, 24-6-2013 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ പ്രസ്തുത റിപ്പോർട്ടിലെ ഇനിയും മറുപടി ലഭിക്കാനുള്ള ശുപാർശകളുടെ വിവരവും ഉൾപ്പെടുത്തിയിരിക്കുന്നു.

2013 ജൂൺ മാസം 24-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഉമ്മൻ ചാണ്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2013 ജൂൺ 24.

# റിപ്പോർട്ട്

## ഭാഗം I

**2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.**

ശുപാർശ

2013-00-800-98—മന്ത്രിമാരുടേയും ചീഫ് വിപ്പിന്റേയും പ്രതിപക്ഷ നേതാവിന്റേയും ഗാർഹിക ചെലവുകൾ

നിർമ്മാണം പൂർത്തീകരിച്ച 6 മന്ത്രിമന്ദിരങ്ങളിലേക്കായി ഫർണിച്ചർ വാങ്ങുന്നതിന് ഉൾപ്പെടെ മന്ത്രിമാരുടേയും ചീഫ് വിപ്പിന്റേയും പ്രതിപക്ഷനേതാവിന്റേയും ഗാർഹിക ചെലവുകൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 4,21,40,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 1,07,15,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശയിൻമേൽ 2012-2013 സാമ്പത്തിക വർഷത്തിൽ റീ-അപ്രോപ്രിയേഷൻവഴിയും അഡീഷണൽ ആതറൈസേഷൻവഴിയും ലഭിച്ച തുകകൾ ഉൾപ്പെടുത്തുമ്പോൾ ഈ കണക്കിനത്തിൽ മൊത്തം 4,11,58,108 രൂപ ചെലവഴിച്ചിട്ടുള്ളതാകുന്നു. എന്നാൽ SDG വഴി തുകകൾ അനുവദിച്ചു കിട്ടാത്തതിനാൽ ഈ കണക്കിനത്തിൽ സമിതി ശുപാർശ ചെയ്ത തുക അനുവദിക്കപ്പെട്ടിട്ടുള്ളതായി കണക്കാക്കിയിട്ടില്ല.

(ഗവ. കത്ത് നമ്പർ 25332/ബി.ഡബ്ല്യൂ.2/2012/പൊ.ഭ.വ. തീയതി 13-6-2013.)

ശുപാർശ

2051-00-102-99—കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

04—യാത്രാച്ചെലവ്

2012-13 വർഷത്തിൽ ഏകദേശം 35 ലക്ഷത്തിനുപുറത്ത് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികയിലേക്കുള്ള പരീക്ഷകൾക്കായി അപേക്ഷിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, വിവിധ കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളുടെ പരീക്ഷകളും ഈ സാമ്പത്തികവർഷത്തിൽ നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ യാത്രാചെലവിനത്തിൽ 50,00,000 രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ആകെ 97,88,000 രൂപയാണ് അനുവദിച്ചിരുന്നത്. ഇതിൽ 78,67,000 രൂപ യാത്രാബത്തയിനത്തിലും 19,21,000 രൂപ സ്ഥലംമാറ്റബത്തയിനത്തിലുമാണ് അനുവദിച്ചത്. 2012-2013 വർഷത്തിൽ ഏകദേശം 35 ലക്ഷത്തിന് പുറത്ത് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികകളിലേക്കുള്ള പരീക്ഷകൾക്കായി അപേക്ഷിച്ചി ട്ടുണ്ട്. കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളുടെ പരീക്ഷകളും ഈ സാമ്പത്തിക വർഷത്തിൽ നടത്തിയി രുന്നു. ഈ സാഹചര്യത്തിൽ 50,00,000 രൂപ കൂടി അനുവദിക്കുവാൻ വിഷയനിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു. മേല്പറഞ്ഞ ശീർഷകത്തിൽ 1,43,13,090 രൂപ 2012-2013-ൽ ചെലവഴിച്ചുവെങ്കിലും വിഷയനിർണ്ണയസമിതി ശുപാർശ ചെയ്ത അധികതുക അനുവദിക്കുകയുണ്ടായില്ല. അധികമായി ചെലവഴിച്ച തുക റീ-അപ്രോപ്രിയേഷനിലൂടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഗവ. കത്ത് നമ്പർ 54679/സ്പെ.ഇ1/2012/പൊ.ഭ.വ. തീയതി 19-6-2013.)

## ശുപാർശ

### 28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം (പി.പി.എസ്.എസ്.)

കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, വിവിധ കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങി ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിട്ടുള്ള തസ്തികകളുടെ പരീക്ഷ ഈ വർഷം നടക്കുന്നതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. അതിനാൽ ഈ ശീർഷകത്തിൽ 3,00,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

## സർക്കാർ സ്വീകരിച്ച നടപടി

മേൽപ്പറഞ്ഞ ശീർഷകത്തിൽ ആകെ അനുവദിച്ചിട്ടുള്ള തുക 5,00,00,000 രൂപയാണ്. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. കണ്ടക്ടർ ഉൾപ്പെടെയുള്ള വിവിധ തസ്തികകളുടെ പരീക്ഷ നടത്തുന്ന സാഹചര്യത്തിൽ ഈ തുക അപര്യാപ്തമാണെന്ന വിഷയനിർണ്ണയസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 3,00,00,000 രൂപ കൂടി അധികമായി അനുവദിക്കുവാൻ ശുപാർശ ചെയ്തിരുന്നു. ഇതിനെ തുടർന്ന് ജി.ഒ.(ആർടി.) 8272/12/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം 1,50,00,000 രൂപ അധികമായി അനുവദിച്ചിരുന്നു. ടി ശീർഷകത്തിൽ 7,60,53,838 രൂപയാണ് 2012-2013-ൽ ചെലവഴിച്ച തുക. ടി ഇനത്തിൽ അധികമായി ചെലവഴിച്ച തുക റീ-അപ്രോപ്രിയേഷനിലൂടെ ക്രമീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(ഗവ. കത്ത് നമ്പർ 54679/സ്പെ.ഇ1/2012/പൊ.ഭ.വ. തീയതി 19-6-2013.)

ശുപാർശ

34—മറ്റു ചെലവുകൾ

2012-13 സാമ്പത്തികവർഷത്തേക്ക് ഈ ശീർഷകത്തിൽ 1,30,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2011-12-ൽ ഈയിനത്തിൽ ചെലവായത് ഏകദേശം 2,50,00,000 രൂപയാണ്. കെ.എസ്.ആർ.ടി.സി. കണ്ടക്ടർ, വിവിധ കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങി ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകൾ ഈ വർഷം നടത്തുവാനുണ്ട്. വിവിധ സ്കൂളുകളിൽ വച്ച് നടത്തപ്പെടുന്ന പ്രസ്തുത പരീക്ഷകളുടെ നടത്തിപ്പിനായി ഒരു ഉദ്യോഗാർത്ഥിക്ക് 2 രൂപ നിരക്കിൽ ഓരോ സ്കൂളിനും നൽകേണ്ടതുണ്ട്. കൂടാതെ ഡ്രൈവർ മുതലായ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിനായി പ്രാക്ടിക്കൽ പരീക്ഷയും നടത്തേണ്ടതുണ്ട്. ഇതിനെല്ലാംകൂടി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക തീരെ പര്യാപ്തമാകുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

2012-2013 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 1,30,00,000 രൂപയാണ് വകയിരുത്തിയിരുന്നത്. ഈ തുക അപര്യാപ്തമാണെന്ന് വിഷയനിർണ്ണയസമിതി വിലയിരുത്തുകയും അധിക തുകയായി 1,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. മേല്പറഞ്ഞ ശുപാർശയുടെ അടിസ്ഥാനത്തിൽ 26-6-2012-ലെ ജി.ഒ.(ആർടി.) 6167/2012/ഫിൻ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 50,00,000 രൂപയും 22-9-2012-ലെ ജി.ഒ.(ആർടി.) 8272/12/ഫിൻ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 20,00,000 രൂപയും ഉൾപ്പെടെ ആകെ 70,00,000 രൂപ മേൽപ്പറഞ്ഞ ശീർഷകത്തിൽ അധികമായി അനുവദിച്ച് ഉത്തരവായിരുന്നു. ടി ശീർഷകത്തിൽ 3,16,65,479 രൂപയാണ് 2012-2013 വർഷത്തിൽ ചെലവഴിച്ച തുക. ടി ഇനത്തിൽ അധികമായി ചെലവഴിച്ച തുക റീ-അപ്രോപ്രിയേഷനിലൂടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഗവ. കത്ത് നമ്പർ 54679/സ്പെ.ഇ1/2012/പൊ.ഭ.വ. തീയതി 19-6-2013.)

ശുപാർശ

2052—സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ

2052-00-090-72—കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പേഴ്സണൽ അസിസ്റ്റന്റുമാരുടെ വേതനവും അലവൻസുകളും

കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പേഴ്സണൽ അസിസ്റ്റന്റുമാരുടെ വേതനവും അലവൻസുകളും ആണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശമ്പളയിനത്തിൽ പ്രതിമാസം 6,00,000 രൂപ ചെലവ് വരുന്നതിനാൽ 40,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

20-10-2012-ലെ സ. ഉ.9008/2012/ധന. വകുപ്പ് പ്രകാരം 37,00,000 രൂപ അധിക ധനാനുമതി നേടി. ഈ തുക SDG വഴി റഗുലറൈസ് ചെയ്തു. ആകെ 72,02,848 രൂപ ചെലവഴിച്ചു.

(ഗവ. കത്ത് നമ്പർ 25332/ബി.ഡബ്ല്യു.2/2012/പൊ.ഭ.വ. തീയതി 13-6-2013.)

ശുപാർശ

2052-00-090-95—നിയമ വകുപ്പ്

05-4—മറ്റിനങ്ങൾ

നിയമ വകുപ്പിന്റെ ഓഫീസ് മുറികളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള വയ്ക്കായി 92,05,000 രൂപ നിർദ്ദേശിച്ചെങ്കിലും 34,97,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു. ഇത് അപര്യാപ്തമായതിനാൽ ബാക്കി 57,08,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിക്കുന്നതിനായി നിയമവകുപ്പിലെ ഓഫീസ് മുറികളുടെ അറ്റകുറ്റപ്പണികൾ, റെക്കോർട്സ് മുറിയുടെ അറ്റകുറ്റപ്പണികൾ, കമ്പ്യൂട്ടറുകൾ വാങ്ങൽ എന്നീ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 18370/ഭരണ II(3)/12/നിയമം പ്രകാരം ഫയൽ ധനവകുപ്പിലേക്ക് അയച്ചു.

എന്നാൽ ശുപാർശ ചെയ്ത തുക അനുവദിക്കാതെ പ്രസ്തുത പദ്ധതികളിൻമേൽ ഭരണാനുമതി എടുത്തശേഷവും നിലവിലുള്ള ഫണ്ട് പൂർണ്ണമായും തീർന്നശേഷവും വീണ്ടും ടി പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനായി ധനവകുപ്പ് അറിയിച്ചു.

ഫൈനൽ ബാച്ച് എസ്.ടി.ജി. 2012-2013 ടി തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

മറ്റ് ഹെഡ്ഡുകളിൽ നിന്നും 7,00,000 (ഏഴ് ലക്ഷം) രൂപ 05-4 "മറ്റിനങ്ങൾ" എന്ന ഹെഡ്ഡിലേക്ക് വകമാറ്റി നിയമവകുപ്പിലെ മുറികളുടെ അറ്റകുറ്റപ്പണികൾ ഏറെക്കുറെ പൂർത്തീകരിക്കുകയുണ്ടായി.

(ഗവ. കത്ത് നമ്പർ 7523/പാർല./2013/നിയമം തീയതി 11-6-2013.)

ശുപാർശ

2052-00-090-86—പാർലമെന്ററികാര്യ വകുപ്പ്

34—മറ്റുചെലവുകൾ

അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്ക് :—മന്ത്രിമാർ നിയമസഭയിൽ നൽകുന്ന ഉറപ്പുകൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ള ഈ

പദ്ധതിയുടെ ഡാറ്റാ എൻട്രി ജോലി നടന്നുവരികയാണ്. കെൽട്രോൺ ഏറ്റെടുത്തു നടത്തുന്ന പ്രസ്തുത ജോലി പൂർത്തിയാകുന്നമുറയ്ക്ക് അതിനുള്ള പേയ്മെന്റ് നൽകേണ്ടതുണ്ട്. ഇതോടനുബന്ധിച്ച് സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി മുതൽ മുകളിലേക്കുള്ള എല്ലാ ഓഫീസർമാർക്കും ഡിജിറ്റൽ സിഗ്നേച്ചർ കാർഡ് തയ്യാറാക്കി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ പദ്ധതിയുടെ ഇനിയുള്ള നടപടിക്രമങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റുമായി ആലോചിച്ച് പദ്ധതി വിപുലീകരിക്കേണ്ടതുണ്ട്. ആയതു സംബന്ധിച്ച് ഉണ്ടായേക്കാവുന്ന പ്രധാന ചെലവു കളും വഹിക്കേണ്ടതായിവരും. പ്രോജക്ട് നടത്തിപ്പിനായി എൻ.ഐ.സി.ക്ക് ആറു ലക്ഷം രൂപ അധികമായി നൽകേണ്ടിവരും. ഇതുൾപ്പെടെ 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 50 ലക്ഷം രൂപ ആവശ്യമായിവരും.

കേരളത്തിലെ സാമാജികരുടെ പോർട്രെയ്റ്റ് ഗാലറി: പാർലമെന്ററി ജനാധിപത്യ ത്തിന്റെ വളർച്ചയ്ക്ക് അതുല്യ സംഭാവനകൾ നൽകിയ സാമാജികരുടെ ചിത്രങ്ങളുടെ ഒരു ഗാലറി സജ്ജീകരിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. യുവതലമുറയ്ക്ക് അവരുടെ ജീവിതം പരിചയപ്പെടുത്തുകവഴി പരോക്ഷമായി പാർലമെന്ററി ജനാധിപത്യ പ്രക്രിയയിൽ വിശ്വാസം വളർത്തിയെടുക്കുക എന്ന ദൗത്യം ലക്ഷ്യം വച്ചുള്ള ഈ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായതായി സമിതി മനസ്സിലാക്കുന്നു. കേരളത്തിലെ ഇതുവരെയുള്ള എല്ലാ മുഖ്യമന്ത്രിമാരുടെയും സ്പീക്കർമാരുടെയും ഹോളോഗ്രാഫിക് ചിത്രങ്ങളും മൾട്ടിമീഡിയ പ്രസന്റേഷനും ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിന് 2008-09 വർഷം 95,70,000 രൂപ വകയിരുത്തിയതിൽ 50 ലക്ഷം രൂപ സി-ഡിറ്റിന് മുൻകൂറായി അനുവദിച്ചു. ഈ പദ്ധതി പൂർത്തിയാക്കാൻ 50 ലക്ഷം രൂപ ആവശ്യമായിവരും.

ആയതിനാൽ മേൽവിവരിച്ചിട്ടുള്ള ആവശ്യങ്ങൾക്കും ഭരണച്ചെലവുകൾക്കുമായി ആകെ 112 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 10,80,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7, 8, 9)

## സർക്കാർ സ്വീകരിച്ച നടപടി

2012-2013 വർഷത്തെ ബഡ്ജറ്റ് വിഹിതമായ 1,01,20,000 രൂപയിൽ 15-2-2013 വരെ 31,07,882 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശ പ്രകാരം 10,80,000 രൂപ അധികമായി അനുവദിക്കുന്നകാര്യം പരിഗണിക്കാനാവില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 561/എ2/2012/പാ.കാ.വ. തീയതി 5-4-2013.)

## ശുപാർശ

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

211—വാഹനം വാങ്ങൽ

മുഖ്യ വിവരാവകാശ കമ്മീഷണർക്കും മറ്റ് നാല് കമ്മീഷണർമാർക്കും അനുവദിച്ച ഏകദേശം 7 വർഷം പഴക്കമുള്ള വാഹനങ്ങൾ P.W.D. മെക്കാനിക്കൽ

വിംഗ് പരിശോധിച്ച് അവ ഉപേക്ഷിക്കുവാൻ ശുപാർശ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പുതിയ 5 കാറുകൾ വാങ്ങുന്നതിന് 60,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പുതുതായി നിയമിതരായ കമ്മീഷനംഗങ്ങൾക്കടക്കം 3 പുതിയ ഇന്നോവ കാറുകളും ഒരു ടയോട്ട ആൾട്ടിസ് കാറും വാങ്ങുന്നതിന് കമ്മീഷൻ സെക്രട്ടറി സർക്കാരിന്റെ അനുമതി തേടിയിരുന്നു. എന്നാൽ 8-8-2012-ലെ ജി.ഒ.(പി) 442/2012/ഫിൻ. നമ്പർ എക്കണോമി ഓർഡറിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നത് ഒഴിവാക്കണമെന്ന നിർദ്ദേശം ഉള്ളതിനാൽ കമ്മീഷന്റെ ആവശ്യം അംഗീകരിക്കുവാൻ കഴിഞ്ഞില്ല. എന്നിരുന്നാലും 15-3-2013-ലെ ജി.ഒ.(ആർടി.) 2076/2013/ജി.എ.ഡി. ഉത്തരവ് പ്രകാരം ഒരു പുതിയ ടയോട്ട ആൾട്ടിസ് കാർ 13,62,121 രൂപയ്ക്ക് വാങ്ങുന്നതിന് വിവരാവകാശ കമ്മീഷന് ഭരണാനുമതി നൽകിക്കഴിഞ്ഞു.

(ഗവ. കത്ത് നമ്പർ 42578/സി.ഡി.എൻ3/2013/പൊ.ഭ.വ. തീയതി 22-6-2013.)

ശുപാർശ

3451-00-101-43—സ്ത്രീകളുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള വിഭവകേന്ദ്രം

വനിതകളുടെ വിവരസാങ്കേതിക വിദ്യകളിലെ കഴിവുകളെ പ്രചോദിപ്പിച്ച് നൂതന സാങ്കേതികവിദ്യ പരിശീലിപ്പിച്ച്, പുതിയ ജോലിസാദ്ധ്യത ഉറപ്പുവരുത്തുന്നതിലേക്കായി കേരളത്തിലെ 16 കോളേജുകളിൽ വുമൺ റിസോഴ്സ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യാ വിദഗ്ദ്ധരായി വനിതകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 2012-13 വർഷത്തിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം 4 പുതിയ കോളേജുകളിൽകൂടി വുമൺ റിസോഴ്സ് സെന്റർ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതായും സമിതി മനസ്സിലാക്കി. അതിനുവേണ്ടി 12.32 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

അധികതുക അനുവദിക്കുകയുണ്ടായില്ല.

(ഗവ. കത്ത് നമ്പർ 3957/സി1/2013/വി.സ.വ. തീയതി 20-6-2013.)

ശുപാർശ

3451-00-101-86—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് സ്ഥാപിക്കൽ

പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ സുഗമമായ ഉപയോഗം ലഭ്യമാക്കുന്നതിനായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുക, വിജ്ഞാനവും വിവരങ്ങളും പങ്കുവെയ്ക്കുന്നതിനായി സർക്കാർ ഉൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഐ. സി. ഫോസ്സിന് സ്വന്തമായി ഒരു കാമ്പസ് ആവശ്യമാണെന്നുള്ളതിനാൽ അതിനായി ഭൂമി വാങ്ങുന്നതിനുള്ള തുക ബജറ്റിൽ വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ കാമ്പസിനുള്ള ഭൂമി വാങ്ങുന്നതിനായി 3 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

അധികതുക അനുവദിക്കുകയുണ്ടായില്ല.

(ഗവ. കത്ത് നമ്പർ 3957/സി1/2013/വി.സ.വ. തീയതി 20-6-2013.)

ശുപാർശ

3451-00-101-87—കേരള വിവരസാങ്കേതികത്വ സർവ്വീസ് സൊസൈറ്റി—സഹായധനം

36—സഹായധനം—ശമ്പളേതരം

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ പ്രവർത്തനത്തിനും പി.ജി. ഡിപ്ലോമ ഇൻ ഇ-ഗവേണൻസ്, സ്പെഷ്യൽ പോസ്റ്റ് ഗ്രാജുവേറ്റ് എഡ്യൂക്കേഷൻ എക്സ്പാൻഷൻ ഡ്രൈവ് ഇൻ ഐ.റ്റി. (സ്പീഡ് ഐ.റ്റി.) എന്നീ പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതികൾക്ക് യഥാക്രമം 133 ലക്ഷം രൂപ, 4 ലക്ഷം രൂപ, 199.2 ലക്ഷം രൂപ എന്നിങ്ങനെ ഈ ശീർഷകത്തിൽ അധികമായി തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

അധികതുക അനുവദിക്കുകയുണ്ടായില്ല.

(ഗവ. കത്ത് നമ്പർ 3957/സി1/2013/വി.സ.വ. തീയതി 20-6-2013)

ശുപാർശ

3451-00-101-91-31—കേരള വിവരസാങ്കേതികവിദ്യ—സഹായധനം—ശമ്പളം

ഐ.ടി. യൂണിറ്റുകൾക്കുള്ള പ്രോത്സാഹന പരിപാടികളുടെ നടത്തിപ്പാണ് ഐ.പി.എം.സി. നിർവ്വഹിക്കുന്നത്. രാജ്യത്ത് ഏറ്റവും ആവശ്യകമായ ഐ.ടി. ഡസ്റ്റിനേഷനായി കേരളത്തെ മാറ്റുക എന്നുള്ള ഉദ്ദേശത്തോടെ പ്രോത്സാഹനങ്ങളുടെ

ഒരു പാക്കേജ് നടപ്പിലാക്കുക എന്നുള്ളതാണ് ഈ സ്കീമിന്റെ ലക്ഷ്യം. അർഹതയുള്ള ഐ.ടി. യൂണിറ്റുകൾക്ക് പ്രോത്സാഹനങ്ങൾ ലഭ്യമാക്കുക, ഐ.ടി. യൂണിറ്റുകൾക്ക് സഹായവും ഐ.ടി. മിഷന്റെ ഭരണചെലവും, ഐ.ടി. മിഷനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം എന്നിവയാണ് പ്രസ്തുത സ്കീമിൽ നിർദ്ദേശിക്കപ്പെട്ട ഘടകങ്ങൾ.

പദ്ധതിയുടെ നടത്തിപ്പിനായി 2012-13 വർഷത്തേക്ക് നീക്കിവച്ചിട്ടുള്ള 90 ലക്ഷം രൂപ പര്യാപ്തമല്ല. പദ്ധതിയുടെ നടത്തിപ്പിനായി 2012-13 സാമ്പത്തിക വർഷത്തിൽ 562 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അനുവദിച്ച 90 ലക്ഷത്തിനുപുറമെ 472 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14, 15)

സർക്കാർ സ്വീകരിച്ച നടപടി

അധികതുക അനുവദിക്കുകയുണ്ടായില്ല.

(ഗവ. കത്ത് നമ്പർ 3957/സി1/2013/വി.സ.വ. തീയതി 20-6-2013.)

ശുപാർശ

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)**

3451-00-101-69—സംസ്ഥാന പരിശീലന നയം—പരിശീലന പരിപാടി

സേവന പ്രദാന മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി രൂപീകരിച്ച സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തീരെ പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ 7.19 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 2012-2013 വർഷത്തിൽ അനുവദിച്ചിരുന്ന 5 കോടി രൂപയിൽ ആദ്യ ഗഡുവായി 125 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്. 7.19 കോടി രൂപ കൂടി അധികമായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഗവ. കത്ത് നമ്പർ 12632/എ.ആർ. 13(1)/12/ഉ.ഭ.പ.വ. തീയതി 8-3-2013.)

ശുപാർശ

3451-00-101-99—സംസ്ഥാന ആസൂത്രണ ബോർഡ്

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി തുക വകയിരുത്തിയ 3451-00-101-94 എന്ന ശീർഷകത്തിൽ ഇക്കൊല്ലം തുകയൊന്നും വകയിരുത്തിയിട്ടില്ല. വിവരസാങ്കേതികവിദ്യയും

ഇ-ഗവേണൻസും ഉയർത്തുന്ന വികസനരംഗത്തെ വെല്ലുവിളികൾ നേരിടുന്നതിന് മതിയായ അടിസ്ഥാന സൗകര്യങ്ങളോടെ സംസ്ഥാന ആസൂത്രണ സംവിധാനത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വാങ്ങിയ കമ്പ്യൂട്ടറുകൾക്കും നിലവിൽ ഉപയോഗത്തിലിരിക്കുന്ന കമ്പ്യൂട്ടറുകളുടെയും വാർഷിക അറ്റകുറ്റപ്പണികൾക്കായി 3451-00-101-99 എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

## സർക്കാർ സ്വീകരിച്ച നടപടി

നിയമസഭാസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 3451-00-101-94 എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നു. 2012-2013 സാമ്പത്തിക വർഷത്തിൽ 'സംസ്ഥാന ആസൂത്രണ ബോർഡിന് സംസ്ഥാന ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ' എന്ന ഉദ്ദേശത്തിൽ, 3451-00-101-99(പ്ലാൻ) എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഈ വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം മാത്രമേ അധികവിഹിതം അനുവദിക്കുന്നകാര്യം പരിഗണിക്കാനാവു എന്നും ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചശേഷം അധികതുക ആവശ്യമെങ്കിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്നുമാണ് ധനവകുപ്പ് അഭിപ്രായപ്പെട്ടത്. ധനവകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയോടും ആവശ്യപ്പെട്ടിരുന്നു. എന്നാൽ കമ്പ്യൂട്ടറുകൾക്കും മറ്റ് അനുബന്ധ സാധനങ്ങൾക്കും വാർഷിക അറ്റകുറ്റപ്പണികൾക്കും മറ്റുമായിയാണ് 3451-00-10-99 (പ്ലാൻ) എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നത് എന്നും ബോർഡിന്റെ പുതിയ മന്ദിരത്തിന്റെയും പഴയ മന്ദിരത്തിന്റെയും നവീകരണ പ്രവർത്തനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്ന സാഹചര്യത്തിൽ അവ പൂർത്തിയാകുന്ന മുറയ്ക്ക് അവിടേക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, യു.പി.എസ്., കേബിൾ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കേണ്ടതായിവരുമെന്നും അപ്പോൾ കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി തുക തികയാതെ വരുമെന്ന അനുമാനത്തിലാണ് അധികമായി തുക, സബ്ജക്ട് കമ്മിറ്റി മുഖാന്തിരം ആവശ്യപ്പെട്ടത് എന്നും അറിയിച്ചിരിക്കുന്നു. എന്നാൽ കെട്ടിടം പണി പൂർത്തിയാകാത്ത സാഹചര്യത്തിൽ 2012-2013 ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ടി ആവശ്യത്തിലേക്ക് പര്യാപ്തമാണെന്നും അധികമായി ആവശ്യപ്പെട്ട തുക ഈ സാമ്പത്തിക വർഷം ആവശ്യമായി വരുന്നില്ലായെന്നും 2013-2014 സാമ്പത്തിക വർഷത്തെ ബജറ്റിൽ ടി തുക വകയിരുത്തുന്നതിനാവശ്യമായ നടപടി ബോർഡ് സ്വീകരിക്കുന്നതാണ് എന്നും സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ സമിതിയുടെ ശുപാർശയിൻമേൽ തുടർനടപടി ആവശ്യമില്ല എന്ന വിവരം അറിയിക്കുന്നു.

(ഗവ. കത്ത് നമ്പർ 17531/ബി2/2012/ആസൂത്രണം തീയതി 6-12-2012.)

ശുപാർശ

2014-00-102-99—ഹൈക്കോടതി

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിനായി 7 കാറുകളും കേരളാ ജുഡീഷ്യൽ അക്കാഡമിയുടെ മാത്രം ഉപയോഗത്തിനായി ഒരു മിനി ബസും വാങ്ങുന്നതിനായി 2012-13 വർഷത്തെ എസ്റ്റിമേറ്റിൽ 81,00,000 രൂപ ഉൾപ്പെടുത്തിയിരുന്നെങ്കിലും ടോക്കൺ പ്രൊവിഷൻ മാത്രമേ ഈ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ പ്രസ്തുത ആവശ്യങ്ങളിലേക്ക് ആവശ്യപ്പെട്ട തുക അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിനായി 2011-2012 സാമ്പത്തിക വർഷത്തിൽ ഒരു ടൊയോട്ട കൊറോള ആൾട്ടിസ് കാറും 2012-2013 സാമ്പത്തിക വർഷത്തിൽ 3 കൊറോള ആൾട്ടിസ് കാറുകളും റീ-അപ്രോപ്രിയേഷൻവഴി വാങ്ങിയിട്ടുണ്ട്. കൂടാതെ 2012-2013-ൽ ഒരു ബൊലേറോ, ഒരു മിനി ബസ് എന്നിവ റീ-അപ്രോപ്രിയേഷൻവഴി വാങ്ങിയിട്ടുണ്ട്. അങ്ങനെ ശുപാർശയിൽ ഉൾപ്പെട്ട എല്ലാ വാഹനങ്ങളും വാങ്ങിയിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 59968/സി3/2012/ആഭ്യന്തരം തീയതി 21-6-2013.)

ശുപാർശ

2014-00-102-98—ഹൈക്കോടതി ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ

നിയമരംഗത്തെ ഏറ്റവും പുതിയ വിവരങ്ങൾ ബഹു. ന്യായാധിപന്മാരിലേക്കെത്തിച്ച് നീതിനിർവ്വഹണം മേന്മയേറിയതാക്കാൻ ധാരാളം നിയമ ഗ്രന്ഥങ്ങളും, സി.ഡി.കളും ലഭ്യമാക്കേണ്ടതുണ്ട്. ആയതുകൊണ്ട് നിയമ ജേർണലുകൾ, സി.ഡി.കൾ ഇവയുടെ വരിസംഖ്യ, ഹൈക്കോടതി ലൈബ്രറിയിലേക്കും ബഹു. ജഡ്ജിമാരുടെ വസതി-ആഫീസ് ലൈബ്രറികളിലേക്കും പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്കായി 56,20,000 രൂപ ഈ ഹെഡ്ഡിൽ ആവശ്യമാണ്. ആയതിനാൽ 36,20,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

നിയമ ജേർണലുകൾ, സി.ഡി.കൾ ഇവയുടെ വരിസംഖ്യ, ഹൈക്കോടതി ലൈബ്രറിയിലേക്കും ബഹുമാനപ്പെട്ട ജഡ്ജിമാരുടെ വസതി-ആഫീസ് ലൈബ്രറികളിലേക്കും പുസ്തകങ്ങൾ എന്നിവ 2012-2013 വർഷത്തിൽ റീ-അപ്രോപ്രിയേഷൻ വഴി 30,60,000 രൂപ ലഭ്യമാക്കി ചെലവഴിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 59968/സി3/2012/ആഭ്യന്തരം തീയതി 21-6-2013.)

ശുപാർശ

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

34—മറ്റ് ചെലവുകൾ

ഷെട്ടി കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജുഡീഷ്യൽ ഓഫീസർമാരുടെ വസതി ലൈബ്രറി ഒരുക്കൽ, ഡ്രോയിംഗ് റൂം ഫർണിഷിംഗ് അലവൻസ് എന്നിവയ്ക്കായി 85,000 രൂപയും ലൈബ്രറി പുസ്തകങ്ങൾ, നിയമ സി.ഡി.കൾ എന്നിവയുടെ വിലയായി 19,242 രൂപയും ഓരോ ജുഡീഷ്യൽ ഓഫീസർക്കും നൽകുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4,35,04,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

ജുഡീഷ്യറിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 6-9-2013-ൽ ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിന്റെ ആദ്യഘട്ടമായി, ജില്ലാ ജഡ്ജിമാരുടെയും അഡീഷണൽ ജില്ലാ ജഡ്ജിമാരുടെയും പദവിയിലുള്ള ആഫീസർമാർക്ക് വസതി ലൈബ്രറി ഒരുക്കൽ, ഡ്രോയിംഗ് റൂം ഫർണിഷിംഗ് അലവൻസ് എന്നിവ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2012-2013 വർഷത്തെ ഫൈനൽ സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റിൽ ടി ആവശ്യത്തിനായി 1,39,69,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. ടി ആവശ്യത്തിന് ഭരണാനുമതി ലഭിക്കുന്നതിനായി ഗവൺമെന്റിലേക്ക് B1-78885/2003 തീയതി 21-7-2012 പ്രകാരം അപേക്ഷ അയച്ചെങ്കിലും മന്ത്രിസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

(ഗവ. കത്ത് നമ്പർ 59968/സി3/2012/ആഭ്യന്തരം തീയതി 21-6-2013.)

ശുപാർശ

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

ഇ-കോടതി പദ്ധതി പ്രകാരമുള്ള കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, UPS എന്നിവ വാങ്ങി സ്ഥാപിച്ചുനൽകുന്നതിന് ഈ ശീർഷകത്തിൽ 2,67,95,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ 609 കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, യു.പി.എസ്. എന്നിവ വാങ്ങി സ്ഥാപിച്ചുനൽകുന്നതിനായി 2,67,95,000 രൂപയുടെ അധിക ഫണ്ടിനായുള്ള അപേക്ഷ ഹൈക്കോടതിയുടെ 14-9-2012-ലെ ജെ.2-41679/2012/എഫ്.ഡബ്ല്യു. നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് അയച്ചിരുന്നു. ടി ആവശ്യത്തിനായുള്ള ഭരണാനുമതിക്കുള്ള അപേക്ഷയും 26-6-2012-ലെ ഇ.സി.സി./ഡി4-95294/2010 നമ്പർ കത്തു പ്രകാരം സർക്കാരിലേക്ക് അയച്ചിരുന്നു. ഈ നിർദ്ദേശം ചെലവ് ചുരുക്കൽ നടപടികളുടെ പശ്ചാത്തലത്തിൽ മാറ്റിവച്ചതായി സർക്കാർ അറിയിച്ചിരുന്നു. ഹൈക്കോടതിയുടെ 19-12-2012-ലെ ഇ.സി.സി./ഡി-4-95294/2010 നമ്പർ കത്ത് പ്രകാരം ഭരണാനുമതിക്കായി വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു. 2012-2013-ലെ ഫൈനൽ ബാച്ച് ഓഫ് സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ടി ആവശ്യത്തിനായി 2,67,95,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി തൻവർഷം തുക അനുവദിക്കുവാൻ സാധിച്ചില്ല.

(ഗവ. കത്ത് നമ്പർ 59968/സി3/2012/ആഭ്യന്തരം തീയതി 21-6-2013.)

ശുപാർശ

2014-00-800-85—'ഇ'-കോടതി, നടപ്പാക്കൽ

രാജ്യത്തെ സബോർഡിനേറ്റ് കോടതികളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായുള്ള സമഗ്ര പദ്ധതിയാണ് ഇ-കോർട്ട് പദ്ധതി. കേന്ദ്ര സർക്കാർ മുഴുവൻചെലവും വഹിക്കുന്ന ഈ പദ്ധതി NIC മുഖാന്തിരം നടപ്പിലാക്കുന്നു. ദേശീയ നയം, സുപ്രീം കോടതിയുടെ ഇ-കമ്മിറ്റി രൂപം നൽകിയ ഇന്ത്യൻ ജുഡീഷ്യറിയിൽ വിവരസാങ്കേതികവിദ്യ നടപ്പിലാക്കാനുള്ള ആക്ഷൻ പ്ലാൻ എന്നിവ അടിസ്ഥാനമാക്കിയുള്ളതാണ് ഈ പദ്ധതി. കേന്ദ്ര സർക്കാർ ഇതുവരെ 6,22,17,771 രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും 2,69,55,461 രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്. അതിനാൽ 2012-13 കാലയളവിൽ തന്നെ ഈ പദ്ധതി പൂർത്തിയാക്കുന്നതിനായി ബാക്കിതുകയായ 3,52,61,310 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2012-2013 വർഷത്തെ ഫസ്റ്റ് സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാന്റ്സിൽ 2,88,03,000 രൂപ അനുവദിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നും എൻ.ഐ.സി. മുഖേന കൈമാറിക്കിട്ടിയ 71,51,723 രൂപ ഹൈക്കോടതിയുടെ അക്കൗണ്ടിലുണ്ടായിരുന്നു. ആകെ തുകയിൽ 3,59,54,723 രൂപ ഈ ഇനത്തിൽ 2012-2013 വർഷത്തെ ആവശ്യങ്ങൾക്ക് പര്യാപ്തമായിരുന്നു.

(ഗവ. കത്ത് നമ്പർ 59968/സി3/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

**സബോർഡിനേറ്റ് കോടതികളിലെ ഏറ്റവും കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ**

34—മറ്റ് ചെലവുകൾ

ഈ വർഷം സബോർഡിനേറ്റ് കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ (ഫർണിച്ചർ വാങ്ങൽ, വ്യവഹാരികളായെത്തുന്ന പൊതുജനങ്ങൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവ) ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 8,89,26,000 രൂപ (ഫർണിച്ചറിനായി 5,66,84,000 രൂപയും ന്യായാധിപൻമാർക്ക് എക്സിക്യൂട്ടീവ് കസേരകൾ, മേശകൾ എന്നിവയ്ക്ക് 1,50,00,000 രൂപയും കമ്പ്യൂട്ടർ ഫർണിച്ചറുകൾക്ക് 1,29,17,000 രൂപയും) അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

കീഴ്ക്കോടതികളിൽ ഫർണിച്ചർ വാങ്ങുന്നതിനായി 2,49,64,350 രൂപയ്ക്കുള്ള നിർദ്ദേശം ഭരണാനുമതിക്കായി ഗവൺമെന്റിലേക്ക് സമർപ്പിച്ചിരുന്നു. ജി.ഒ.(ആർറ്റി.) നമ്പർ 3647/2012/ആഭ്യന്തരം തീയതി 13-12-2012 പ്രകാരം അതാത് ഹെഡ്ഡുകളിൽ ലഭ്യമായ ഫണ്ടുപയോഗിച്ച് ഫർണിച്ചർ വാങ്ങുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സിവിൽ ആന്റ് സെഷൻസ് കോടതികളിലേക്ക് 1,15,00,000 രൂപയ്ക്കുള്ള ഫർണിച്ചറും ക്രിമിനൽ കോടതികളിലേക്ക് 34,00,000 രൂപയ്ക്കുള്ള ഫർണിച്ചറും 2012-2013 സാമ്പത്തിക വർഷം വാങ്ങിയിട്ടുണ്ട്. മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾക്കും കുടുംബകോടതികൾക്കും ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഫർണിച്ചർ വാങ്ങാൻ കഴിഞ്ഞില്ല. ജി.ഒ.(ആർറ്റി.) നമ്പർ 376/13/ആഭ്യന്തരം തീയതി 13-3-2013 പ്രകാരം സബോർഡിനേറ്റ് കോടതികളിലേക്ക് കമ്പ്യൂട്ടർ ഫർണിച്ചർ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയെങ്കിലും മതിയായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ കമ്പ്യൂട്ടർ ഫർണിച്ചർ വാങ്ങാൻ സാധിച്ചില്ല.

(ഗവ. കത്ത് നമ്പർ 59968/സി3/2012/ആഭ്യന്തരം തീയതി 21-6-2013.)

ശുപാർശ

21.1—വാഹനം വാങ്ങൽ (105-99, 108-99, 117-99)

സുപ്രീംകോടതി ഉത്തരവുകൾ, ഒന്നാം നാഷണൽ ജുഡീഷ്യൽ പേകമ്മീഷൻ ശുപാർശകൾ, ജസ്റ്റീസ് ഇ. പത്മനാഭൻ കമ്മീഷൻ ശുപാർശകൾ ഇവ നടപ്പാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ യാത്രാസൗകര്യങ്ങൾ ജുഡീഷ്യൽ ഓഫീസർമാർക്ക് നൽകേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ഓഫീസർമാരുടെ ഉപയോഗത്തിലേക്കായി 13 സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനായി (കാർ ഒന്നിന് 6.5 ലക്ഷം രൂപ നിരക്കിൽ) ഈ ശീർഷകത്തിൽ 84,50,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ 3 സി.ബി.ഐ. കോടതികളിലെ ജഡ്ജിമാർക്ക് സ്വിഫ്റ്റ് ഡിസയർ കാറുകൾ 2012-2013 സാമ്പത്തിക വർഷത്തിൽ വാങ്ങിയിട്ടുണ്ട്. കൂടാതെ കൊല്ലം കുടുംബകോടതി ജഡ്ജിയുടെ ഉപയോഗത്തിനായി ഒരു മാരുതി സ്വിഫ്റ്റ് ഡിസയർ കാറും വാങ്ങിയിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങിളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർക്കായി 3 സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിന് ജി.ഒ.(ആർറ്റി.) നമ്പർ 129/2013/ആഭ്യന്തരം തീയതി 18-1-2013, ജി.ഒ.(ആർറ്റി.) നമ്പർ 133/2013/ആഭ്യന്തരം തീയതി 18-1-2013, ജി.ഒ.(ആർറ്റി.) നമ്പർ 3612/2012/ആഭ്യന്തരം തീയതി 11-12-2012 എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തലശ്ശേരി, വടകര, മൂവാറ്റുപുഴ എന്നിവിടങ്ങളിലെ കുടുംബകോടതി ജഡ്ജിമാർക്കായി 3 സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങന്നതിന് ജി.ഒ.(ആർറ്റി.) നമ്പർ 130/2013/ആഭ്യന്തരം തീയതി 18-1-2013 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 59968/സി3/2012/ആഭ്യന്തരം തീയതി 21-6-2013.)

<u>ശുപാർശ</u>

**പുതിയ കോടതികൾ/ട്രിബ്യൂണലുകൾ സ്ഥാപിക്കൽ**

പ്ലാൻ കാലയളവിൽ 89 കോടതികൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. ഇവയിൽ 16 കോടതികൾ 2012-13 കാലയളവിൽ സ്ഥാപിക്കേണ്ടതുണ്ട്. പ്രസ്തുത കോടതികൾ സ്ഥാപിക്കുന്നതുവഴി 143000 കേസുകൾ കൂടുതലായി തീർപ്പുകൽപ്പിക്കുവാൻ ലക്ഷ്യമിടുന്നു. കോടതികൾക്കായുള്ള ഫർണിച്ചർ വാങ്ങുന്നതിന് 1,09,00,000 രൂപയും കമ്പ്യൂട്ടർ വാങ്ങുന്നതിന് 80,50,000 രൂപയും നിയമഗ്രന്ഥങ്ങൾ വാങ്ങുന്നതിന് 15,50,000 രൂപയും അങ്ങനെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആകെ 2,05,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

13-ാം ധനകാര്യ കമ്മീഷന്റെ Morning/Evening Courts എന്ന ഘടകത്തിൽ അനുവദിച്ച ഫണ്ടുപയോഗിച്ച് പുതിയതായി 27 കോടതികൾ തുടങ്ങുവാൻ സർക്കാർ അനുമതി നൽകിയിരുന്നു. ആയതിനാൽ ഈ ആവശ്യം 2012-2013 പരിഗണിക്കേണ്ടതില്ലെന്ന് ഹൈക്കോടതി സർക്കാരിനെ അറിയിച്ചിരുന്നു.

(ഗവ. കത്ത് നമ്പർ 59968/സി3/2012/ആഭ്യന്തരം തീയതി 21-6-2013.)

<u>ശുപാർശ</u>

**കീഴ്കോടതികളുടെ ആധുനികവത്കരണം**

സംസ്ഥാനത്തെ 500-ഓളം വരുന്ന കോടതികൾ ആധുനികവത്കരിക്കുന്നതിനായി 6,98,50,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത നിർദ്ദേശത്തിന് 2012-2013-ൽ പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചിരുന്നില്ല. പ്രസ്തുത വിവരം ഹൈക്കോടതി സർക്കാരിനെ അറിയിച്ചിരുന്നു.

(ഗവ. കത്ത് നമ്പർ 59968/സി3/2012/ആഭ്യന്തരം തീയതി 21-6-2013.)

<u>ശുപാർശ</u>

2014-00-114-93—<u>കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി</u>

34—<u>മറ്റു ചെലവുകൾ</u>

സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മുഖ്യലക്ഷ്യം നിയമ സേവന പ്രവർത്തനങ്ങളാണ്. നിയമ ബോധന ക്ലാസ്സുകളും നിയമ സേവന ക്ലിനിക്കുകളും ടെലിഫോൺ മുഖേനയുള്ള നിയമ സേവന സംവിധാനവുമെല്ലാം ഈ അതോറിറ്റിയുടെ പ്രവർത്തനമേഖലയിൽപ്പെടുന്നു. എല്ലാ വർഷവും 6 ലക്ഷത്തോളം വരുന്ന 9-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കും 1 ലക്ഷത്തോളം വരുന്ന 2-ാം വർഷ ബിരുദ വിദ്യാർത്ഥികൾക്കും കൂടാതെ കുടുംബശ്രീ അംഗങ്ങൾക്കും നിയമ ബോധന ക്ലാസ്സുകൾ അതോറിറ്റി നടത്തിവരുന്നു. ഇവർക്കെല്ലാം നിയമങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ബുക്കുകളും തയ്യാറാക്കി സൗജന്യമായി നൽകിവരുന്നു. ചെലവുകുറഞ്ഞ തർക്കപരിഹാരമാർഗ്ഗമായി ലോക അദാലത്തുകൾ നടത്തുന്ന ചുമതലയും അതോറിറ്റി നിർവ്വഹിക്കുന്നു. 110 നിയമസേവന ക്ലിനിക്കുകളും അതോറിറ്റി നടത്തിവരുന്നു. ഇതിനൊക്കെയായും താലൂക്കുകളിലെ ശമ്പളം നൽകുന്നതിനായും 34—മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ നിന്നുമാണ് തുക കണ്ടെത്തുന്നത് എന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 756.72 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-2013 വർഷത്തിലേക്ക് 2014-00-114-93-(34) മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്ന തുക തീരുന്നമുറയ്ക്ക് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള 756.72 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പിനെ സമീപിക്കുന്നതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ ഈ ഓഫീസിൽ നിന്നും സമർപ്പിക്കുന്നതാണ്.

(ഗവ. കത്ത് നമ്പർ 7523/പാർല./2013/നിയമം തീയതി 11-6-2013.)

<u>ശുപാർശ</u>

2014-00-114-92—<u>പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ.)</u>

പെർമനന്റ് ലോക് അദാലത്ത് (പി.എൽ.എ.) സംവിധാനം തിരുവനന്തപുരത്തും എറണാകുളത്തും മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. കോഴിക്കോട് ജില്ലയിൽ ഒരു

പി.എൽ.എ. തുടങ്ങുന്നതിന് അനുമതിയായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ പി.എൽ.എ. തുടങ്ങുന്നതിനും തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ പി.എൽ.എ.-കൾ കാര്യക്ഷമമായി നടത്തുന്നതിനും ഇപ്പോൾ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 42.335 ലക്ഷം രൂപ ഇതിലേക്കായി അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

2012-13 വർഷത്തിലേക്ക് 2014-00-114-92 എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 49.09 ലക്ഷം രൂപ തീരുന്നമുറയ്ക്ക് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള 42.335 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പിനെ സമീപിക്കുന്ന തിലേക്കാവശ്യമായ നിർദ്ദേശങ്ങൾ ഈ ഓഫീസിൽ നിന്നും സമർപ്പിക്കുന്നതാണ്.

(ഗവ. കത്ത് നമ്പർ 7523/പാർല./2013/നിയമം തീയതി 11-6-2013)

ശുപാർശ

2014-00-800-91—കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ—സഹായധനം

കമ്മീഷനിൽ പുതുതായി കുറെ തസ്തികകൾ സൃഷ്ടിക്കപ്പെടുകയും ഇതിലേക്കുള്ള നിയമന നടപടികൾ പൂർത്തിയായിവരികയും ചെയ്യുന്ന സാഹചര്യത്തിൽ ഇവരുടെ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കും ഏകദേശം 40 ലക്ഷം രൂപ കൂടുതൽ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കമ്മീഷൻ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കെട്ടിടം സ്ഥലപരിമിതികാരണം മാറാനുള്ള നടപടികൾ എടുത്തുവരുന്നു എന്നും അതിലേക്ക് ഈ സാമ്പത്തികവർഷത്തിൽ ഏകദേശം 25 ലക്ഷം രൂപയുടെ അധികച്ചെലവ് വരുമെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ അധികച്ചെലവ് പ്രതീക്ഷിക്കുന്ന 65,00,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരമുള്ള പുതിയ തസ്തികകൾ സൃഷ്ടിക്ക പ്പെടുകയും ടി ഉദ്യോഗസ്ഥൻ കമ്മീഷനിൽ ജോലിയിൽ പ്രവേശിച്ചിട്ടുമുണ്ട്.

കമ്മീഷൻ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കെട്ടിടം സ്ഥലപരിമിതി കാരണം മാറ്റുന്നതിനുള്ള തീരുമാനത്തിന്മേൽ കെട്ടിടം അന്വേഷിക്കുകയും കണ്ണേറ്റ്മുക്ക്, പി.എം.ജി., തമ്പാനൂർ എന്നിവിടങ്ങളിലെ മൂന്നു കെട്ടിടങ്ങൾ നോക്കുകയും അവയിൽ കണ്ണേറ്റ്മുക്ക്, പി.എം.ജി. എന്നിവിടങ്ങളിലെ കെട്ടിടങ്ങളുടെ വാടക നിർണ്ണയിക്കാൻ പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്) സെക്ഷനെ ഏൽപ്പിച്ചിട്ടുണ്ട്.

ലക്ഷം രൂപ അധികമായി ശുപാർശ ചെയ്ത സമയത്ത് നിലവിലുള്ള തസ്തികയിൽ ജോലി ചെയ്യുന്നവർക്കു പകരമായി ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥരെയാണ് സർക്കാർ കമ്മീഷനിൽ നിയമിച്ചിട്ടുള്ളത്. അതിനാൽ, താഴെപ്പറയുന്ന

അധികച്ചെലവുകൾക്കാവശ്യമായ 49,90,448 രൂപകൂടി ഉൾപ്പെടുത്തി ആകെ 1,14,90,448 രൂപ (ഒരു കോടി പതിനാല് ലക്ഷത്തി തൊണ്ണൂറായിരത്തി നാനൂറ്റി നാൽപ്പത്തിയെട്ട് രൂപ) സപ്ലിമെന്ററി ഗ്രാന്റായി അനുവദിച്ച് കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ അഭ്യർത്ഥിച്ചിരുന്നു.

| | | |
|---|---|---|
| 1. | ഈ കമ്മീഷന്റെ സെക്രട്ടറിയായി അഡീഷണൽ സെക്രട്ടറിക്കു പകരം സ്പെഷ്യൽ സെക്രട്ടറി നിയമിക്കപ്പെട്ടതിലുണ്ടായ അധിക ചെലവ് | 3,00,000 രൂപ |
| 2. | 2011-2012 വർഷത്തെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടിവന്നാലുണ്ടാകുന്ന ചെലവ് (അടയ്ക്കുന്നതിൽ നിന്ന് കമ്മീഷനെ ഒഴിവാക്കണമെന്ന് ആവശ്യം ധനവകുപ്പിന്റെ പരിഗണനയിലാണ്) | 20 ലക്ഷം രൂപ |
| 3. | ഐ. ജി.-യും സെക്രട്ടറിയും ഉപയോഗിക്കുന്ന പഴയതും ചെലവേറിയതുമായ കാറുകൾക്ക് പകരം 2 പുതിയ കാറുകൾ വാങ്ങുന്നതിലേക്കാവശ്യമായ ചെലവ് | 20 ലക്ഷം രൂപ |
| 4. | പുതുതായി നിയമിതരായ ഉദ്യോഗസ്ഥരുടെ ലീവ് സറണ്ടർ, ടി.എ., മറ്റലവൻസുകൾ തുടങ്ങിയവയ്ക്ക് പ്രതീക്ഷിക്കുന്ന തുക | 6,90,488 രൂപ |
| | ആകെ | 49,90,448 രൂപ |

അനുവദിക്കപ്പെട്ട ഗ്രാന്റ് തീരുന്നമുറയ്ക്ക് ബഡ്ജറ്റ് കമ്മിറ്റി ശുപാർശ ചെയ്ത തുകയ്ക്കായി ധനകാര്യ വകുപ്പിനെ സമീപിക്കുന്നതാണ്.

(ഗവ. കത്ത് നമ്പർ 7523/പാർല./2013/നിയമം തീയതി 11-6-2013)

ശുപാർശ

2014-00-116-99—കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

99—വിവര സാങ്കേതികവിദ്യ

ട്രൈബ്യൂണലിൽ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർവഴി കമ്പ്യൂട്ടറൈസേഷന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒന്നാംഘട്ട കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനായി അനുവദിച്ച രൂപ 15,25,000 നാഷണൽ ഇൻഫർമേറ്റിക്സ് സെന്ററിന് നൽകിയിരുന്നു. എന്നാൽ നാളിതുവരെ ഇക്കാര്യം ഭൗതികമായി സ്ഥാപിക്കുവാൻ/നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടില്ല. ഒന്നാം ഘട്ടം പൂർത്തിയാക്കുന്ന മുറയ്ക്ക് രണ്ടാം ഘട്ടത്തിന്റെ പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ്.

(ഗവ. കത്ത് നമ്പർ 6976/എ.ആർ.12(2)/12/ഉ.ഭ.പ.വ. തീയതി 27-7-2012.)

ശുപാർശ

34—മറ്റു ചെലവുകൾ

ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾക്കായുള്ള ഫർണിച്ചർ, ഫോട്ടോകോപ്പിയർ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 4,90,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾക്കായി ഫോട്ടോ കോപ്പിയർ ഒഴികെയുള്ള ഫർണിച്ചർ, മറ്റ് ചില ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി 4,40,000 രൂപയ്ക്കുള്ള ഭരണപരമായ അനുമതി നല്കിയിട്ടുണ്ട്. ഇതിനാവശ്യമായ തുക 23-7-2012-ലെ ജി.ഒ.(ആർറ്റി.) നമ്പർ 6954/12/ഫിൻ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 6976/AR12(12)/12/ഉ.ഭ.പ.വ. തീയതി 27-7-2012)

ശുപാർശ

04—യാത്രാച്ചെലവുകൾ

1. യാത്രാ ബത്ത

തീവ്രവാദ പ്രവർത്തനം തടയൽ, സമൂഹശ്രദ്ധ പിടിച്ചുപറ്റുന്നവൻ കുറ്റകൃത്യങ്ങളുടെ അന്വേഷണം, ഇന്ത്യ റിസർവ് ബറ്റാലിയന്റെ പരിശീലനം മുതലായവയ്ക്കായി സംസ്ഥാനത്തിനകത്തും പുറത്തും സേനാംഗങ്ങൾക്ക് നിരന്തരം യാത്രചെയ്യേണ്ടി വരുന്നതിനാൽ യാത്രാബത്ത കൂടുതൽ ചെലവാകുന്നുണ്ട്. 2012-13 വർഷത്തേക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 589.32 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഉപധനാഭ്യർത്ഥന വഴി 41,15,000 രൂപയും ധനപുനർവിനിയോഗം വഴി 81,00,000 രൂപയും ലഭിച്ചിട്ടുള്ളതും ടി തുകകൾ മുഴുവൻ വിനിയോഗിച്ചിട്ടുള്ളതുമാകുന്നു.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

05—ഓഫീസ് ചെലവുകൾ

1. വെള്ളക്കരം

ഈ ഇനത്തിൽ 136.08 ലക്ഷം രൂപ നിർദ്ദേശിച്ച സ്ഥാനത്ത് 114.99 ലക്ഷം രൂപ യാണ് വകയിരുത്തിയിരിക്കുന്നത്. വെള്ളക്കരം യഥാസമയം കൊടുക്കാതിരിക്കുന്നത് ജലവിതരണം തടയുന്നതിനും പലിശയും പിഴപ്പലിശയും ഉൾപ്പെടെ അധികത്തുക നൽകുന്നതിന് ഇടയാകുകയും ചെയ്യുമെന്ന് സമിതി വിലയിരുത്തി. നിലവിലെ കുടിശ്ശിക തീർക്കുന്നതുൾപ്പെടെ ഈ ഇനത്തിൽ 134 ലക്ഷം രൂപകൂടി ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 21.09 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഉപധനാഭ്യർത്ഥന വഴി 61,000 രൂപയും ധനപുനർവിനിയോഗം വഴി 31,25,000 രൂപയും ലഭിച്ചിട്ടുള്ളതും ടി തുകകൾ മുഴുവൻ വിനിയോഗിച്ചിട്ടുള്ളതുമാകുന്നു.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

2. വൈദ്യുതി ചാർജ്

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 757.79 ലക്ഷം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ നിർദ്ദേശിച്ച തുകയിൽ കുറവുവന്ന 167.08 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ധനപുനർവിനിയോഗം വഴി 1,60,95,000 രൂപ ലഭിച്ചിട്ടുള്ളതും ടി തുക മുഴുവൻ വിനിയോഗിച്ചിട്ടുള്ളതുമാകുന്നു.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

3. ടെലിഫോൺ ചാർജ്

കൂടുതൽ ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ കണക്ഷൻ നൽകുന്നതിലേക്കായി ഈ ശീർഷകത്തിൽ 373.97 ലക്ഷം രൂപകൂടി ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ധന പുനർവിനിയോഗം വഴി 47,000 രൂപ ലഭിച്ചിട്ടുള്ളതും ടി തുക മുഴുവൻ വിനിയോഗിച്ചിട്ടുള്ളതുമാകുന്നു.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

4. മറ്റിനങ്ങൾ

സംസ്ഥാന ഫോറൻസിക് ലബോറട്ടറിയുടെ വിലയേറിയ ഉപകരണങ്ങൾ പരിപാലിക്കുന്നതിന് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് നൽകുന്നതിനുള്ള ചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. ആയതിനാൽ ഈ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 400 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

ഫോറൻസിക് ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതത്തിനു പുറമേ 17 ലക്ഷം രൂപയും മറ്റ് ചെലവുകൾക്കായി 2 ലക്ഷം രൂപയും അനുവദിച്ചത് മുഴുവൻ വിനിയോഗിച്ചിട്ടുള്ളതാകുന്നു. ബാക്കി തുകയ്ക്കുള്ള പ്രൊപ്പോസൽ ഫോറൻസിക് ഡയറക്ടറുടെ ഓഫീസിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

12—സ്കോളർഷിപ്പും സ്റ്റൈപ്പന്റും

പോലീസ് വകുപ്പിലെ ആയിരക്കണക്കിന് ഒഴിവുകൾ നികത്തുന്നതിന് റിക്രൂട്ട്മെന്റ് കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ ട്രെയിനിംഗ് നടത്തിവരുന്നതിനാൽ ട്രെയിനികൾക്ക് സ്റ്റൈപ്പന്റു നൽകുന്നതിന് ഈ ശീർഷകത്തിൽ 120 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 330 ലക്ഷം രൂപയാണ് 2012-2013 വർഷത്തേക്ക് വകയിരുത്തിയിരുന്നത്. എന്നാൽ അധികമായി വിനിയോഗിക്കേണ്ടിവന്ന 2,58,03,000 രൂപ ധനപുനർവിനിയോഗം വഴി ക്രമീകരിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

19—യന്ത്രോപകരണങ്ങൾ

പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ധാരാളം ഉപകരണങ്ങൾ വാങ്ങുന്നത് യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ നിന്നുമുള്ള പണം വിനിയോഗിച്ചാണ്. കമാൻഡോ പരിശീലനത്തിനായി വളരെ ചെലവുകൂടിയ ബുള്ളറ്റുകളാണ് ആവശ്യമായിവരുന്നത്. ഇന്ത്യാ റിസർവ് ബറ്റാലിയനിലേക്കും ഇതര ബറ്റാലിയനുകളിലേക്കും ട്രെയിനിംഗ് നൽകുന്നതിലേക്കായി ആയുധങ്ങൾ, വെടിക്കോപ്പുകൾ എന്നിവയ്ക്ക് വൻതുക ആവശ്യമാണ്. ഇപ്രകാരം ആധുനിക യന്ത്രോപകരണങ്ങൾ സ്വായത്തമാക്കി പോലീസ് സേനയെ പുതിയ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് സജ്ജമാക്കുന്നതിനായി ഈ ശീർഷകത്തിൽ 1500 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 865.60 ലക്ഷം രൂപയാണ് 2012-2013 വർഷത്തേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ആയതിനുപുറമേ പ്രസ്തുത ശീർഷകത്തിൽ 9,97,20,000 രൂപ ഉപധനാഭ്യർത്ഥനവഴി ലഭിച്ചിട്ടുള്ളതും ടി തുക മുഴുവൻ വിനിയോഗിച്ചിട്ടുള്ളതുമാണ്.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

21-1—വാഹനം വാങ്ങൽ

പോലീസ് വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിന് വളരെ വർഷങ്ങളായി ബജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിവരുന്നില്ല. ഇതിലേക്കായി ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നതിനായി നിർദ്ദേശിച്ചിരുന്നുവെങ്കിലും നടപ്പുവർഷവും തുക വകകൊള്ളിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അടുത്ത സാമ്പത്തിക വർഷം പോലീസ് വകുപ്പിലെ നിരവധി വാഹനങ്ങൾ കണ്ടംചെയ്യേണ്ട തായിട്ടുള്ളതിനാലും അതിനുപകരമായി പുതിയ വാഹനങ്ങൾ വാങ്ങേണ്ടതുള്ള തിനാലും ഈ ശീർഷകത്തിൽ 600 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

പഴയ വാഹനങ്ങൾ കണ്ടംചെയ്യാനുള്ള നടപടികൾ വകുപ്പ് യഥാക്രമം സ്വീകരിക്കുകയും പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി ലഭ്യമാക്കി ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അധികത്തുക അനുവദിക്കുന്നതിൽ തടസ്സമില്ല. ഇപ്രകാരം നടപടി ക്രമങ്ങൾ പൂർത്തിയാക്കി സമർപ്പിച്ച പ്രൊപ്പോസലുകൾ പരിഗണിച്ച് ഇതിനകം 41.51 ലക്ഷം രൂപ വാഹനങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിന് അധികമായി അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

45—പി. ഒ. എൽ.

വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണിയും ക്രമസമാധാന പ്രശ്നങ്ങളും അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനവും മറ്റുംമൂലം വാഹനങ്ങളുടെ ഉപയോഗം വൻതോതിൽ വർദ്ധിച്ചുവരികയാണ്. തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് പട്രോളിംഗ് നടത്തുവാനായി ബോട്ടുകൾ നിരന്തരം ഉപയോഗിക്കേണ്ടതായുണ്ട്. മാത്രമല്ല ഇന്ധന വില അടിക്കടി വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 829.31 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 3452.74 ലക്ഷം രൂപയാണ് 2012-2013 വർഷത്തേക്ക് വകയിരുത്തിയിരുന്നത്. ഇതിനുപുറമേ 21 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി ലഭിച്ചിട്ടുള്ളതും പ്രസ്തുത തുക മുഴുവൻ വിനിയോഗിച്ചിട്ടുള്ളതുമാകുന്നു.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

99—വിവരസാങ്കേതികവിദ്യ

പോലീസ് ഡിപ്പാർട്ട്മെന്റിലെ കമ്പ്യൂട്ടറുകളുടെയും നെറ്റ്വർക്കുകളുടെയും അറ്റകുറ്റപ്പണികൾക്കും 7000 ത്തിലധികം കമ്പ്യൂട്ടറുകൾ പുതുതായി യൂണിറ്റുകൾക്ക് നൽകാനും വേണ്ടി 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതിയിനത്തിൽ 249 ലക്ഷം രൂപ അനുവദിച്ചത് മുഴുവൻ വിനിയോഗിച്ചിട്ടുള്ളതാകുന്നു. കൂടാതെ 2013-14-ലെ ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ 215 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

2055-00-115-99—പോലീസ് സേന നവീകരിക്കുന്നതിന് (75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവും)

നവീകരണ പദ്ധതികൾക്കായി മാർച്ച് മാസങ്ങളിൽ അധികത്തുക കേന്ദ്ര ഗവൺമെന്റിൽനിന്നും വിവിധ സംസ്ഥാനങ്ങൾക്ക് ലഭിക്കാറുണ്ട്. സംസ്ഥാന ഗവൺമെന്റുകളുടെ വിനിയോഗനിലവാരം അടിസ്ഥാനമാക്കിയാണ് പ്രസ്തുത തുക

അനുവദിക്കുന്നത്. പ്രസ്തുത ശീർഷകത്തിലെ നിലവിലുള്ള കേന്ദ്ര വിഹിതമായ 3206.78 ലക്ഷം രൂപയ്ക്ക് പുറമെ 1097.18 ലക്ഷം രൂപയും സംസ്ഥാന വിഹിതമായ 1068.92 ലക്ഷം രൂപയ്ക്ക് പുറമെ 365.73 ലക്ഷം രൂപയും കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്രസഹായം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ അതിനാനുപാതികമായി സംസ്ഥാന വിഹിതവും വകയിരുത്താനാകൂ. ഈ വർഷം ലഭിച്ചിട്ടുള്ള കേന്ദ്ര സഹായം നിലവിൽ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക അധികരിക്കുന്നുവെങ്കിൽ അതനുസരിച്ചുള്ള അധികത്തുക കേന്ദ്ര-സംസ്ഥാന വിഹിതമായി വകയിരുത്തുന്നതാണ്.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

2055-00-800-84—പോലീസ് വകുപ്പിന്റെ നവീകരണം—ജനമൈത്രി പദ്ധതി

ജനമൈത്രി പ്രോജക്ടുകൾ വളരെ പ്രയോജനകരമാണ്. പ്രസ്തുത പദ്ധതി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ഈ കണക്കിനത്തിൽ ജനമൈത്രി പദ്ധതിക്കായി നടപ്പുവർഷം അനുവദിച്ചിരിക്കുന്ന 200 ലക്ഷം രൂപയ്ക്കു പുറമെ 200 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് പദ്ധതിനിർവ്വഹണം യഥാസമയം പൂർത്തിയാക്കിയിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

**സ്റ്റുഡന്റ് പോലീസ് സ്കീം**

സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതി സംസ്ഥാനത്ത് നല്ലരീതിയിൽ പ്രാവർത്തികമായി വരുന്നു. പ്രസ്തുത പദ്ധതി നടപ്പിലേക്കായി 300 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതിയിനത്തിൽ 220 ലക്ഷം രൂപ അനുവദിച്ചത് മുഴുവൻ വിനിയോഗിച്ചിട്ടുള്ളതാകുന്നു. 2013-2014 ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

**പോലീസ് ആസ്ഥാന മന്ദിര നിർമ്മാണം**

കേരളാ പോലീസ് ആസ്ഥാന മന്ദിരം 13 നിലകളിലായി പണിപൂർത്തിയാക്കാൻ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ 7 നിലകൾ പൂർത്തിയാക്കി ഫണ്ടിന്റെ അഭാവത്താൽ പണി നിർത്തിവെച്ചിരിക്കുകയാണ്. തിരുവനന്തപുരം സിറ്റിയിലുള്ള വിവിധ പോലീസ് ഓഫീസുകൾ ഒരു കെട്ടിടസമുച്ചയത്തിൽ കൊണ്ടുവന്ന് വാടക യിനത്തിൽ അധികച്ചെലവ് ഒഴിവാക്കുന്നതിനും അതുമൂലമുള്ള ഭരണപരമായ സൗകര്യവും കണക്കിലെടുത്താണ് ഈ കെട്ടിടം ആസൂത്രണം ചെയ്തിരുന്നത്. എന്നാൽ ആവശ്യമായ ഫണ്ട് ലഭ്യമല്ലാതെവരികയാൽ പണി മുടങ്ങിക്കിടക്കുകയാണ്. ഘട്ടംഘട്ടമായി പണിപൂർത്തിയാക്കുന്നതിനു വേണ്ടി നടപ്പുവർഷം 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി ഒരു കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചത് കെ.പി.എച്ച്.സി.സി.-ക്ക് നൽകിയിട്ടുള്ളതാണ്. ആസ്ഥാന മന്ദിരത്തിൽ 7 നിലകൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള നിലകൾ പൂർത്തിയാക്കുന്നതിന് കെ.പി.എച്ച്. സി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 60057/ഇ4/2012/ആഭ്യന്തരം തീയതി 21-6-2013)

ശുപാർശ

2058-00-001-93—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

കോഴിക്കോട് മേഖലാ സ്റ്റേഷനറി ആഫീസ് സ്റ്റോറും സ്ഥിതിചെയ്യുന്നത് വളരെ പഴക്കംചെന്ന കെട്ടിടത്തിലാണ്. വളരെയധികം ശോചനീയാവസ്ഥയിലുള്ള കെട്ടിടം പൊളിച്ച് പുതിയകെട്ടിടം പണിയുന്നതിനും വയനാട് ജില്ലാ സ്റ്റേഷനറി ആഫീസിനു വേണ്ടി കെട്ടിടം പണിയുന്നതിനും ആസ്ഥാന കാര്യാലയത്തിൽ പുതിയ വെയ്ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുമായി 120 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 90 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അനുവദിച്ചിട്ടുള്ള തുക അപര്യാപ്ത മായതിനാൽ 30 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

ജലസേചന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലമാണ് ആവശ്യപ്പെട്ടിരുന്ന തെങ്കിലും അത് ലഭ്യമാകാൻ വളരെയധികം കാലതാമസമുണ്ടാകുമെന്നതിനാൽ

അച്ചടി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അച്ചടി വകുപ്പിന്റെ തന്നെ അധീനതയിലുള്ള വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ കോട്ടപ്പടി വില്ലേജിലെ 40 സെന്റ് സ്ഥലം കൈമാറ്റം ചെയ്യുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് ഉള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത സ്ഥലം കൈമാറ്റം പൂർണ്ണമാകാത്തതിനാൽ ആവശ്യപ്പെട്ട അധികത്തുക അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 22815/എച്ച്3/2013/ഉ.വി.വ. തീയതി 7-6-2013)

ശുപാർശ

2058-00-001-99—നടത്തിപ്പ്

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിന് 8,00,000 രൂപ ആവശ്യപ്പെട്ടിരുന്നു വെങ്കിലും അനുവദിച്ചിട്ടില്ല. ആയതിനാൽ ഇതിലേക്കായി 8,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

2012-ലെ SDG-ൽ വാഹനം വാങ്ങുന്നതിന് 1,000 രൂപ ടോക്കൺ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിരുന്നുവെങ്കിലും സാമ്പത്തികവർഷം അവസാനിക്കാറായതിനാലും ധനപുനർവിനിയോഗത്തിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാലും ശുപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത പ്രൊപ്പോസൽ 2013-2014 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതിനായി ഇതിനോടകം ധനകാര്യ വകുപ്പിന്റെ അനുമതിക്കായി നൽകിയിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 22815/എച്ച്3/2013/ഉ.വി.വ. തീയതി 7-6-2013)

ശുപാർശ

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ 19—യന്ത്രോപകരണങ്ങൾ

ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ച അതേ തുകയാണ് നടപ്പു സാമ്പത്തികവർഷത്തിലും അനുവദിച്ചിരിക്കുന്നത്. കമ്പ്യൂട്ടറുകൾ വ്യാപകമാകുന്നതോടെ ടൈപ്പ്റൈറ്ററുകളുടെ ഉപയോഗം കുറയുമെങ്കിലും അവ വാങ്ങി നൽകുന്നത് പൂർണ്ണമായി നിർത്താൻ കഴിയുന്നതല്ല. കൂടാതെ വിവിധ ആഫീസുകളിലേക്ക് ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ വാങ്ങി നൽകേണ്ടതുള്ളതിനാലും ഈ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 10,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

വിവിധ ഓഫീസുകൾക്ക് ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ വാങ്ങുന്നതിനാണ് കൂടുതൽ തുക ആവശ്യപ്പെട്ടത്. എന്നാൽ ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഫീസുകളുടെ എണ്ണം പ്രതീക്ഷിച്ചതിലും കുറവായിരുന്നു. കൂടാതെ ഇലക്ട്രോണിക്സ് വെയിംഗ് ബാലൻസ് വിവിധ സർക്കാർ ഓഫീസുകൾക്ക് സ്റ്റേഷനറി വകുപ്പിന്റെ സ്റ്റാന്റൈഡെസേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി വൈകിയതിനാലും പൂർണ്ണമായും തുക വിനിയോഗിക്കാൻ കഴിഞ്ഞില്ല. അതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 22815/എച്ച്3/2013/ഉ.വി.വ. തീയതി 7-6-2013)

ശുപാർശ

24—സാധന സാമഗ്രികൾ

2011-12-ലേക്ക് 24 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ട സ്ഥാനത്ത് 18.15 കോടി രൂപ മാത്രമായി പരിമിതപ്പെടുത്തിയത് വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. ഗവൺമെന്റ് പ്രസ്സുകൾക്കാവശ്യമായ പേപ്പർ ഇനങ്ങൾ, ഫോട്ടോകോപ്പിയിംഗ് പേപ്പർ എന്നിവ ആഫീസുകളുടെ ആവശ്യാനുസരണം വാങ്ങി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. കൂടാതെ പേപ്പർ, പൾപ്പ്ബോർഡ് എന്നിവയുടെ വിലയിലും എക്സൈസ് ഡ്യൂട്ടിയിലും ഇപ്പോൾത്തന്നെ വർദ്ധനവുണ്ടായിട്ടുണ്ട്. മേൽ കാരണങ്ങളാൽ 2012-13 വർഷത്തിൽ ബഡ്ജറ്റ് വിഹിതം ഉയർത്തിയില്ലായെങ്കിൽ സർക്കാർ പ്രസ്സുകളുടെ പ്രവർത്തനവും അതുവഴി മറ്റ് പ്രധാനപ്പെട്ട വകുപ്പുകളായ രജിസ്ട്രേഷൻ, ടാക്സസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടേയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട 26.75 കോടി രൂപയിൽ ശേഷിക്കുന്ന 8.61 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ പരിമിതിയുള്ളതിനാൽ ഇക്കാര്യത്തിനായി കൂടുതൽ തുക അനുവദിക്കണമെന്ന ശുപാർശ പരിഗണിക്കുവാൻ കഴിഞ്ഞില്ല.

(ഗവ. കത്ത് നമ്പർ 22815/എച്ച്3/2013/ഉ.വി.വ. തീയതി 7-6-2013)

ശുപാർശ

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

054—മറ്റിനങ്ങൾ

അച്ചടി വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് പ്രസ്സുകളിൽ വർക്ക് സ്റ്റഡി നടത്തുന്നതിന് 29-3-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം ഉണ്ടാകുകയും ടി പദ്ധതി കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ മുഖേന നടപ്പിലാക്കാൻ

നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിന് കീഴിലുള്ള 11 പ്രസ്സുകളിൽ വർക്ക് സ്റ്റഡി നടത്തുന്നതിന് 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഗവൺമെന്റ് പ്രസ്സുകളുടെ വർക്ക് സ്റ്റഡി സംബന്ധമായ ജോലികൾ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ മുഖേന പൂർത്തിയാക്കുന്നതിനാവശ്യമായ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

18 ലക്ഷം രൂപ ഗണ്യമായ തുക ആയതിനാൽ വിശദമായ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സാമ്പത്തിക വർഷാവസാനം ആയതിനാൽ ശുപാർശ പരിഗണിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 22815/എച്ച്3/2013/ഉ.വി.വ. തീയതി 7-6-2013)

ശുപാർശ

19—യന്ത്രോപകരണങ്ങൾ

സർക്കാർ ഡയറികൾ കെയ്സ് ബയന്റിംഗ് നടത്തുന്നതിനുള്ള സംവിധാനം അച്ചടി വകുപ്പിൽ നിലവിലില്ല. ഇപ്പോഴത്തെ രീതിയിൽ ഡയറിയുടെ കവർ പുറമേ നിന്നും വാങ്ങുന്നതിന് പ്രതിവർഷം ഏകദേശം 15 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. അച്ചടി വകുപ്പിന് സ്വന്തമായി ഒരു കെയ്സ് ബയന്റിംഗ് മെഷീൻ വാങ്ങിയാൽ സർക്കാർ ഡയറിയുടെ കെയ്സ് ബയന്റിംഗ് പ്രസ്സിൽത്തന്നെ നടത്തി തികച്ചും ആധുനിക രീതിയിൽ സമയബന്ധിതമായി ഡയറി പുറത്തിറക്കുന്നതിനും പുറത്തു നൽകി ചെയ്യുന്നതുമൂലമുണ്ടാകുന്ന ചെലവ് ഒഴിവാക്കുന്നതിനും കഴിയും. ആയതിനാൽ അച്ചടി വകുപ്പിൽ ഒരു കെയ്സ് ബയന്റിംഗ് മെഷീൻ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

അടുത്ത സാമ്പത്തികവർഷത്തിൽ പരിഗണിക്കുന്നതിന് ശുപാർശ സമർപ്പിക്കുവാൻ ധനകാര്യവകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 22815/എച്ച്3/2013/ഉ.വി.വ. തീയതി 7-6-2013)

ശുപാർശ

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി)

ട്രെയിനിംഗിനും അക്കാഡമിക് ചെലവുകൾക്കും ഐ.എം.ജി. തിരുവനന്തപുരം, റീജിയണൽ സെന്റർ കൊച്ചി, റീജിയണൽ സെന്റർ കോഴിക്കോട് എന്നിവിടങ്ങളിലെ

മൂലധന ചെലവുകൾക്കുമായി 1148.50 ലക്ഷം രൂപയും കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു പുതിയ ഹോസ്റ്റൽ സമുച്ചയം പണിയുന്നതിനായി 5 കോടി രൂപയും ചേർത്ത് ആകെ 1648.35 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

1648.35 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഗവ. കത്ത് നമ്പർ 12632/എ.ആർ.13(1)/2012/ഉ.ഭ.പ.വ. തീയതി 8-3-2013)

ശുപാർശ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പദ്ധതിയേതര ചെലവുകൾക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള 377.11 ലക്ഷം രൂപ തീരെ പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിയേതര ചെലവുകൾക്കായി 772.89 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതിയേതര ചെലവുകൾക്കായി 772.89 ലക്ഷം രൂപ അനുവദിക്കുന്നതിന് ഐ.എം.ജി. സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഗവ. കത്ത് നമ്പർ 12632/എ.ആർ.13(1)/12/ഉ.ഭ.പ.വ. തീയതി 8-3-2013)

ശുപാർശ

2070-00-003-99—ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം

2010-12 ബാച്ച് കേരള കേഡറിലെ ഐ.എ.എസ്. പ്രൊബേഷണർമാർക്കുവേണ്ടി ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷൻ നടത്തിയ 85-ാമത് ഫൗണ്ടേഷൻ കോഴ്സിനായി ചെലവഴിച്ച 15,07,816 രൂപ കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം പ്രസ്തുത സ്ഥാപനത്തിന് തിരികെ നൽകുന്നതിന് സാധിച്ചില്ല. പ്രസ്തുത തുക നൽകുന്നതിനും 2011 ബാച്ചിൽ കേരളത്തിലേക്ക് അലോട്ടുചെയ്ത പ്രൊബേഷണർമാരുടെ പരിശീലനത്തിനുമായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ ശീർഷകത്തിൽ 15,00,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2012-2013 വർഷത്തെ ബഡ്ജറ്റ് വിഹിതമായി 5,00,000 രൂപ ആണ് അനുവദിച്ചിട്ടുള്ളത്. ഈ വകുപ്പ് ശുപാർശ ചെയ്തതനുസരിച്ച് 28-4-2012-ലെ സ.ഉ.(സാധാ.) നമ്പർ 4815/2012/ധന. പ്രകാരം ധനകാര്യ വകുപ്പ് 10,08,000 രൂപ അധിക തുക വകയിരുത്തുകയും പ്രസ്തുത തുകയും ബഡ്ജറ്റ് വിഹിതവും (5,00,000) ചേർത്ത് 15,07,816 രൂപ ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാഡമിക് തിരികെ നൽകുന്നതിന് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ 1,567രൂപ മാത്രമേ പ്രസ്തുത ശീർഷകത്തിൽ ഇപ്പോൾ നീക്കിയിരുപ്പുള്ളൂ. 2011-2013 ബാച്ച് കേരള കേഡറിലെ ഐ.എ.എസ്. പ്രൊബേഷണർമാർക്ക് വേണ്ടി ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാഡമി ഓഫ് അഡ്മിനിസ്ട്രേഷൻ നടത്തിയ 86-ാമത് ഫൗണ്ടേഷൻ കോഴ്സിനായി ചെലവഴിച്ച 20,29,750 രൂപയ്ക്കുള്ള ശുപാർശ ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാഡമി ലഭ്യമാക്കിയ കത്തിന്റെ അടിസ്ഥാനത്തിൽ 83596 സ്പെഷ്യൽ എ2/പൊ.ഭ.വ. ഫയലിൽ ഈ സാമ്പത്തികവർഷം അധികത്തുക വകയിരുത്തുന്നതിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 83606/സ്പെഷ്യൽ എ2/2012/പൊ.ഭ.വ. തീയതി 21-11-2012)

ശുപാർശ

2070-00-104-99—വിജിലൻസ്

054—മറ്റിനങ്ങൾ

വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും അധികത്തുക ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പിന്റെ 18-1-2013-ലെ സ.ഉ.(സാധാ.) 448/13/Fin. പ്രകാരം ഈ ഇനത്തിൽ അധികമായി 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പിന്റെ 6-3-2013-ലെ സ.ഉ.(സാധാ.) നമ്പർ 1645/2013/Fin. പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൽ 8,00,000 രൂപകൂടി അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 8258/സി1/2012/വി.ജി. തീയതി 21-6-2013)

ശുപാർശ

06—വാടക, കരം, നികുതി

സതേൺ റേഞ്ച്, തിരുവനന്തപുരം, കോഴിക്കോട് സഹ നിയമോപദേഷ്ടാക്കളുടെ ഓഫീസ് എന്നിവിടങ്ങളിൽ കുടിശ്ശികയിനത്തിൽ 10,00,000 രൂപ നൽകാനുണ്ട്. പ്രസ്തുത തുക ഉൾപ്പെടെ ഈ ശീർഷകത്തിൽ 20,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനകാര്യ വകുപ്പിന്റെ 18-1-2013-ലെ സ.ഉ.(സാധാ.) 448/13/Fin. പ്രകാരം ഈ ഇനത്തിൽ അധികമായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പിന്റെ 6-3-2013-ലെ സ.ഉ.(സാധാ.) നമ്പർ 1645/2013/Fin. പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൽ 15,00,000 രൂപകൂടി അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 8258/സി1/2012/വി.ജി. തീയതി 21-6-2013)

<u>ശുപാർശ</u>

15—<u>രഹസ്യസേവന ചെലവുകൾ</u>

സംസ്ഥാന വ്യാപകമായി വകുപ്പുനടത്തുന്ന മിന്നൽപരിശോധനകൾക്കും അഴിമതിപ്രതിരോധ നടപടികൾക്കും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബന്ധപ്പെട്ട ശീർഷകത്തിൽ അധികത്തുക അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 8258/സി1/2012/വി.ജി. തീയതി 21-6-2013)

<u>ശുപാർശ</u>

17—<u>ചെറുകിട മരാമത്തുപണികൾ</u>

നടപ്പുവർഷം ഈ ശീർഷകത്തിൽ 10,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഡയറക്ടറേറ്റ് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് 5,00,000 രൂപ ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബന്ധപ്പെട്ട ശീർഷകത്തിൽ അധികത്തുക അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 8258/സി1/2012/വി.ജി. തീയതി 21-6-2013)

<u>ശുപാർശ</u>

34—<u>മറ്റു ചെലവുകൾ</u>

State Whistle Blower Protection Policy പ്രകാരം നടപ്പിലാക്കുന്ന പരിപാടികൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യവകുപ്പിന്റെ 30-3-2013-ലെ സ.ഉ.(സാധാ.) 2849/13/Fin. പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൽ ധനപുനർവിനിയോഗത്തിലൂടെ 2,34,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 8258/സി1/2012/വി.ജി. തീയതി 21-6-2013)

ശുപാർശ

45—പി.ഒ.എൽ.

ഈ ബ്യൂറോയിൽ 25 മോട്ടോർ സൈക്കിളുകൾ ഉൾപ്പെടെ 176 വാഹനങ്ങളുണ്ട്. വർദ്ധിച്ചുവരുന്ന ഇന്ധനവില കണക്കിലെടുക്കുമ്പോൾ നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാകുകയില്ല. ആയതിനാൽ അധിക തുകയായി 10,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

ബന്ധപ്പെട്ട ശീർഷകത്തിൽ അധികതുക അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 8258/സി1/2012/വി.ജി. തീയതി 21-6-2013)

ശുപാർശ

2070-00-104-99-98—വിജിലൻസിന്റെ ആധുനികവത്കരണം

വിജിലൻസ് വകുപ്പിൽ ഉപയോഗത്തിലിരിക്കുന്ന 1500-ഓളം വണ്ടികൾ കണ്ടം ചെയ്യേണ്ട അവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. 200 വണ്ടികളെങ്കിലും അടിയന്തിരമായി വാങ്ങിയില്ലെങ്കിൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. പോലീസ് സ്റ്റേഷനുകൾക്ക് ആവശ്യമായ വാഹനങ്ങൾ സർക്കാർതന്നെ ലഭ്യമാക്കേണ്ടതായതിനാൽ മോഡേണൈസേഷനുള്ള വിഹിതത്തിൽ നിന്നും ഇതിനുള്ള ചെലവുവഹിക്കുവാൻ കഴിയുകയില്ല. ആയതിനാൽ പുതിയ വണ്ടികൾ വാങ്ങുന്നതിനായി അടിയന്തിരമായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സർക്കാർ സ്വീകരിച്ച നടപടി

16-11-2012-ലെ സ.ഉ.(സാധാ.) നമ്പർ 188/2012/വിജി. പ്രകാരം 70,56,406 രൂപ മൊത്തം ചെലവിൽ 13 വാഹനങ്ങൾ വാങ്ങുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ശീർഷകത്തിൽ അധികത്തുക അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 8258/സി1/2012/വി.ജി. തീയതി 21-6-2013)

ശുപാർശ

2070-00-104-98—വിജിലൻസ് വകുപ്പിന്റെ നവീകരണം

വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി അത്യാധുനിക വാർത്താവിനിമയ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ബയോമെട്രിക് ബെയ്സ്ഡ് സ്മാർട്ട് കാർഡ് ഇന്റഗ്രേറ്റഡ് ടൈം ആന്റ് അറ്റൻഡൻസ് സിസ്റ്റം, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും ഉദ്യോഗസ്ഥരുടെ പരിശീലനത്തിനുമായി ഈ ശീർഷകത്തിൽ ലഭ്യമായ തുക മതിയാവുകയില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈയിനത്തിൽ 11 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സർക്കാർ സ്വീകരിച്ച നടപടി

ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(ഗവ. കത്ത് നമ്പർ 8258/സി1/2012/വി.ജി. തീയതി 21-6-2013)

ശുപാർശ

2070-00-107-99—ഹോം ഗാർഡ്സ്

സംസ്ഥാനത്ത് ഹോം ഗാർഡുകളുടെ പ്രവർത്തനം 2010 ജനുവരിയോടെ പുനരാരംഭിച്ചതായും 3000 ഹോം ഗാർഡുകളെ വിന്യസിച്ചിരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. പോലീസിനെയും അഗ്നിശമന സേനയേയും സഹായിക്കുകയാണ് ഇവരുടെ കർത്തവ്യമെന്നും ഹോം ഗാർഡുകളുടെ നിലവിലെ ദിവസവേതനം 350 രൂപയാണെന്നും നിലവിൽ വകയിരുത്തിയ തുക ഉപയോഗിച്ച് ഹോം ഗാർഡുകൾക്ക് ഈ സാമ്പത്തികവർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ല എന്നും സമിതി വിലയിരുത്തി. ആകയാൽ അഡീഷണൽ ഫണ്ടായി 12,94,50,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

2012-13 വർഷത്തിൽ ബഡ്ജറ്റ് ഗ്രാന്റായി 25,08,00,000 രൂപയും ജി.ഒ.(ആർറ്റി.) നമ്പർ 9873/12/ഫിൻ. തീയതി 22-11-2012 പ്രകാരം 2 കോടി രൂപയും, ജി.ഒ.(ആർറ്റി.) നമ്പർ 315/2013/ഫിൻ. തീയതി 15-1-2013 പ്രകാരം 6 കോടി രൂപയും ഹോംഗാർഡുമാരുടെ വേതന ഇനത്തിൽ സർക്കാരിൽ നിന്നും അനുവദിച്ചിരുന്നു. 2013-14 വർഷം ബഡ്ജറ്റ് ഗ്രാന്റായി 27,08,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 59930/എഫ്2/2012/ആഭ്യന്തരം തീയതി 20-6-2013)

ശുപാർശ

2070-00-108—അഗ്നിപ്രതിരോധവും നിയന്ത്രണവും

99—ഭരണവും നടത്തിപ്പും

05-4—മറ്റിനങ്ങൾ

സംസ്ഥാനമൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനുമായി വാങ്ങി നല്കേണ്ട യൂണിഫോം സാധനങ്ങൾ വാങ്ങുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വർഷങ്ങളായി ബഡ്ജറ്റിൽ ഒരു തുകയും വകയിരുത്തി കാണുന്നില്ല. ഇക്കാരണത്താൽ കഴിഞ്ഞ കുറേ വർഷങ്ങളായി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗത്തിന് ചട്ട പ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനുമായി വാങ്ങി നൽകേണ്ട യൂണിഫോം സാധനങ്ങൾ വാങ്ങി നല്കാത്തത് ജീവനക്കാരുടെ മനോവീര്യത്തെ തന്നെ കെടുത്തിക്കളയുമോ എന്ന് സമിതി ആശങ്കപ്പെടുന്നു. ഇതിനായി 2009-2010 വർഷത്തിലും 2011-2012 വർഷത്തിലും തുക അനുവദിക്കുന്നതിനു സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും നടപ്പുവർഷവും ഇതിനായി തുക അനുവദിച്ചിട്ടില്ല.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് യൂണിഫോം സാധനങ്ങൾ വാങ്ങി നൽകേണ്ടതും അവർ സുരക്ഷിതരായിതന്നെ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമായതിനാൽ ഈ ശീർഷകത്തിൽ 1,17,85,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73, 74)

സർക്കാർ സ്വീകരിച്ച നടപടി

2012-13 വർഷത്തിൽ 2070-00-108-99-05-04 എന്ന ശീർഷകത്തിൽ ബഡ്ജറ്റ് ഗ്രാന്റായി 20,11,000 രൂപ അനുവദിച്ചിട്ടുണ്ട്. 2013-14 വർഷം ബഡ്ജറ്റ് ഗ്രാന്റായി 23,13,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 59930/എഫ്2/2012/ആഭ്യന്തരം തീയതി 20-6-2013)

ശുപാർശ

21-1—വാഹനം വാങ്ങൽ

ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കുന്നതിന് 2010-11, 2011-12 വർഷങ്ങളിൽ സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ നടപ്പുവർഷവും ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ സേവന മേഖലയുടെ പ്രവർത്തന ശേഷി കൂട്ടുന്നതിന് വാഹനങ്ങളുടെയും യന്ത്രസാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. അതിനാൽ ഈയിനത്തിൽ 5 കോടി രൂപ അടിയന്തിരമായി അനുവദിക്കണമെന്ന സമിതിയുടെ ശുപാർശ ആവർത്തിക്കുന്നു.

(ഖണ്ഡിക 75)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ കുറെ വർഷങ്ങളായി ടോക്കൺ പ്രൊവിഷനായി 1000 രൂപ മാത്രമാണ് അനുവദിക്കാറുള്ളത്. 2012-2013 ആദ്യബാച്ച് ഉപധനാഭ്യർത്ഥനയിൽ 87,50,00,000 രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 2012-2013-ലും ടോക്കൺ പ്രൊവിഷൻ 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തികവർഷത്തിലും ടോക്കൺ പ്രൊവിഷനായ 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

(ഗവ. കത്ത് നമ്പർ 59930/എഫ്2/2012/ആഭ്യന്തരം തീയതി 20-6-2013)

<u>ശുപാർശ</u>

2070-00-108-98—<u>പ്രതിരോധവും നിയന്ത്രണവും</u>

(01)—<u>ജില്ലാ ജീവനക്കാർ</u>

04—<u>യാത്രാചെലവുകൾ</u>

ശബരിമല തീർത്ഥാടനകാലത്ത് അഗ്നിശമന സുരക്ഷാ പ്രവർത്തനങ്ങൾക്കായി അനേകം ജീവനക്കാരെ നിയോഗിക്കേണ്ടതുണ്ട് എന്നത് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-2013 സാമ്പത്തികവർഷത്തിൽ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ജീവനക്കാർക്കുണ്ടാകുന്ന യാത്രാചെലവുകളിലേക്ക് 40 ലക്ഷം രൂപ ജി.ഒ.(ആർറ്റി.) നമ്പർ 9873/12/ഫിൻ. തീയതി 22-11-2012 പ്രകാരം അനുവദിച്ചിരുന്നു.

(ഗവ. കത്ത് നമ്പർ 59930/എഫ്2/2012/ആഭ്യന്തരം തീയതി 20-6-2013)

<u>ശുപാർശ</u>

05-1—<u>ഓഫീസ് ചെലവുകൾ—വെള്ളക്കരം</u>

ഈ ഇനത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വെള്ളക്കരം ഇനത്തിൽ 2012-2013 സാമ്പത്തികവർഷം 11,05,000 രൂപ ബഡ്ജറ്റ് ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. 2013-2014 സാമ്പത്തികവർഷം ബഡ്ജറ്റ് ഗ്രാന്റായി 12,10,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 59930/എഫ്2/2012/ആഭ്യന്തരം തീയതി 20-6-2013)

ശുപാർശ

2070-00-108-97—അഗ്നിപ്രതിരോധവും നിയന്ത്രണവും—പരിശീലനം

നിലവിലെ ഹോം ഗാർഡുകളുടെ എണ്ണം 3000-ത്തിൽ നിന്നും 5000 ആക്കി ഉയർത്തുന്നതിന് ആലോചിക്കുന്നതിനാൽ അവർക്ക് പരിശീലനം നൽകുന്ന ചെലവി ലേക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട തുകയിൽ ശേഷിക്കുന്ന 20,38,000 രൂപ കൂടി നടപ്പുവർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2012-2013 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് ഗ്രാന്റായി 97,00,000 രൂപയും അഡീഷണൽ ഫണ്ടായി ജി.ഒ.(ആർറ്റി.) നമ്പർ 5588/12/ഫിൻ. തീയതി 1-6-2012 പ്രകാരം 623,000 രൂപയും ജി.ഒ.(ആർ.റ്റി) നം. 6198/12/ഫിൻ. തീയതി 26-6-2012 പ്രകാരം 97,000 രൂപയും ജി.ഒ.(ആർറ്റി.) നമ്പർ 10503/12/ഫിൻ. തീയതി 15-12-2012 പ്രകാരം 2,40,000 രൂപയും വകയിരുത്തിയിരുന്നു.

(ഗവ. കത്ത് നമ്പർ 59930/എഫ്2/2012/ആഭ്യന്തരം തീയതി 20-6-2013)

ശുപാർശ

2070-00-108-96—അഗ്നിപ്രതിരോധവും നിയന്ത്രണവും—മറ്റ് ചെലവുകൾ

ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദാനം, കോടതി ചെലവുകൾ, ജീവനക്കാർക്ക് നൽകുന്ന പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തീരെ പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ കൂടി അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2012-2013 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് ഗ്രാന്റായി 25,000 രൂപയും അഡീഷണൽ ഫണ്ടായി ജി.ഒ.(ആർറ്റി.) നമ്പർ 8498/12/ഫിൻ തീയതി 1-10-2012 പ്രകാരം 75,000 രൂപയും വകയിരുത്തിയിരുന്നു.

(ഗവ. കത്ത് നമ്പർ 59930/എഫ്2/2012/ആഭ്യന്തരം തീയതി 20-6-2013)

ശുപാർശ

2070-00-108-94—അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം

അത്യാധുനികമായ അഗ്നിശമന രക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും അഗ്നി ശമന രക്ഷാസേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനുമുള്ള ചെലവു വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്.

കഴിഞ്ഞ വർഷവും ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ നൽകിയിരുന്നുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ വകുപ്പ് നിർദ്ദേശിച്ച 12,42,00,000 രൂപ തന്നെ അനുവദിക്കേണ്ട താണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2012-2013 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് ഗ്രാന്റായി 1,000 രൂപയും അഡീഷണൽ ഫണ്ടായി ജി.ഒ.(ആർറ്റി.) നമ്പർ 10614/12/ഫിൻ. തീയതി 19-12-2012 പ്രകാരം മൂലമറ്റം ഫയർ സ്റ്റേഷൻ തുറക്കുന്നതിലേക്ക് വാഹനങ്ങൾ വാങ്ങുന്നതിന് 72,75,000 രൂപ അഡീഷണൽ ഫണ്ടായി വകയിരുത്തിയിരുന്നു.

(ഗവ. കത്ത് നമ്പർ 59930/എഫ്2/2012/ആഭ്യന്തരം തീയതി 20-6-2013)

ശുപാർശ

2070-00-119-96—മലയാളം മിഷൻ

2012-13 സാമ്പത്തികവർഷത്തിൽ പാഠപുസ്തകങ്ങളുടെയും കൈപ്പുസ്തകങ്ങ ളുടെയും റീപ്രിന്റിംഗ്, പുസ്തക-കൈപ്പുസ്തക വിതരണം, അദ്ധ്യാപക പരിശീലനം, പാഠ്യപദ്ധതിക്കുള്ള ഓഡിയോ-വീഡിയോ മെറ്റീരിയൽസ് തയ്യാറാക്കൽ, പഠനകേന്ദ്രങ്ങ ളിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ, പഠിതാക്കൾക്കുള്ള ക്യാമ്പുകൾ സംഘടിപ്പിക്കൽ, പഠനയാത്രകൾ, പുതിയ പഠനകേന്ദ്രങ്ങൾ, മാഗസിൻ, ബ്രോഷർ, മലയാളം മിഷൻ വെബ്സൈറ്റ്, മുംബൈയിലും ചെന്നൈയിലും റഫറൻസ് ലൈബ്ര റികൾ, പൊതുമാർഗ്ഗരേഖ തയ്യാറാക്കി വിതരണം, മിഷൻ വാർഷികാഘോഷം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, മലയാള നോവൽ ചരിത്രത്തെക്കുറിച്ചുള്ള മൾട്ടി മീഡിയാ ലിറ്ററേച്ചറിന്റെ നിർമ്മാണവും പ്രവർത്തനവും, നാടൻപാട്ടുകൾ, കവിതകൾ, കഥകൾ എന്നിവയുടെ നിർമ്മാണവും വിതരണവും, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ നടത്താവുന്ന പരിശീലന പരിപാ ടികൾ എന്നിവയ്ക്കായി അധിക തുക ആവശ്യമാണ്. ആയതിനാൽ ഇതിലേക്ക് ഈ ശീർഷകത്തിൽ 3 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സർക്കാർ സ്വീകരിച്ച നടപടി

2070-00-119-96—മലയാളം മിഷൻ എന്ന ശീർഷകത്തിൽ 3,00,00,000 (3 കോടി രൂപ) കൂടി അടിയന്തരമായി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 6155/ഔ.ഭാ1/2012/ഉ.ഭ.പ.വ. തീയതി 23-7-2012)

ശുപാർശ

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

പരസ്യത്തിനുള്ള ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നതിനാൽ നടപ്പു വർഷത്തേക്ക് അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സർക്കാർ സ്വീകരിച്ച നടപടി

ശുപാർശ പ്രകാരം 220-6-101-97 പരസ്യത്തിനുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 16554/ബി2/2012/ഐ.പി.ആർ. തീയതി 27-6-2013)

ശുപാർശ

2220-60-101-99—പ്രദർശനവും പരസ്യവും

സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും ദിനപത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെയുള്ള പ്രദർശനപരസ്യങ്ങൾ വഴി പൊതുജനങ്ങളിൽ എത്തിക്കാനുള്ള ചെലവ് ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ഇലക്ട്രോണിക് മാധ്യമങ്ങൾക്കുള്ള പരസ്യചാർജ്ജും പരസ്യം തയ്യാറാക്കി നൽകുന്നതിന് പരസ്യ ഏജൻസിക്ക് നൽകേണ്ട തുകയും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. നടപ്പുവർഷം വകുപ്പിന്റെ പരസ്യവിഭാഗം ആധുനികവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നതിനാലും ഡിസ്പ്ലേ പരസ്യക്കൂലി ഇനത്തിൽ 17 കോടി രൂപയുടെ കുടിശ്ശിക മാധ്യമങ്ങൾക്ക് നൽകാനുള്ളതിനാലും ഈ ശീർഷകത്തിൽ 30 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കൂടാതെ സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും വികസന പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളെ അറിയിക്കുന്നതിനും സർക്കാരിന്റെ നയപരിപാടികൾ പ്രചരിപ്പിക്കുന്നതിനുമായി ഒരു മീഡിയ സിറ്റി തുടങ്ങുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയും സർക്കാർ ഉടമസ്ഥതയിൽ ഒരു ടി.വി. ചാനൽ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 83, 84)

സർക്കാർ സ്വീകരിച്ച നടപടി

2220-60-106-99—പ്രദർശനവും പരസ്യവും എന്ന ശീർഷകത്തിൽ 13 കോടി രൂപ അനുവദിച്ചിരുന്നു. മീഡിയാ സിറ്റിയും ചാനൽ തുടങ്ങുന്നതിനും ഓരോ കോടി രൂപ അധികമായി അനുവദിക്കണമെന്നാണ് സമിതി ശുപാർശ നൽകിയിരുന്നത്. എന്നാൽ ഈ പദ്ധതിക്ക് മാത്രമായി തുക അനുവദിച്ചതായി കാണുന്നില്ല. ഈ ശീർഷകത്തിൽ

അധികമായി നൽകിയ 13 കോടി രൂപ പരസ്യത്തുക നൽകുന്നതിനാണ് വിനിയോഗി ച്ചത്. ചാനൽ തുടങ്ങുന്നതിനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റ് നൽകാത്തതിനാൽ തുടർ നടപടികൾ കൈക്കൊള്ളുവാൻ നിർവ്വാഹമില്ലാതായി.

(ഗവ. കത്ത് നമ്പർ 16554/ബി2/2012/ഐ.പി.ആർ. തീയതി 27-6-2013)

ശുപാർശ

2220-60-106-98—പ്രദർശനം

ജില്ലകളിലും തലസ്ഥാനത്തും വികസനസംരംഭങ്ങൾ സംബന്ധിച്ച പ്രദർശനം, ന്യൂഡൽഹിയിൽ ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പവലിയൻ ഒരുക്കൽ, ന്യൂഡൽഹിയിൽ റിപ്പബ്ളിക് ദിനപരേഡിൽ ടാബ്ളോ അവതരണവും സംഗീതാവത രണവുമാണ് നടപ്പുസാമ്പത്തികവർഷം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ. 2012-13 വർഷം ഇതിനായി ഒരു കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സർക്കാർ സ്വീകരിച്ച നടപടി

തുക ആവശ്യപ്പെട്ടിരുന്നെങ്കിലും ധനവകുപ്പ് തുക അനുവദിച്ചില്ല.

ശുപാർശ

2230-01-103-41—വിദേശത്ത് വച്ച് മരണമടയുന്നവരുടെ മൃതദേഹം കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള ധനസഹായം

കേരളത്തിന് പുറത്ത് മരണമടയുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയി ലുള്ള പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനോടനുബന്ധിച്ച ചെലവുകൾക്ക് പ്രത്യേക ധനസഹായം വ്യവസ്ഥ ചെയ്യുന്ന ഈ പദ്ധതി, വകുപ്പിന് കീഴിൽ തുടർന്നുവരുന്ന പ്രധാന പദ്ധതികളിൽ ഒന്നാണ്. ഈ പദ്ധതിയുടെ കീഴിൽ ചെലവ് വരുന്ന തുക മുൻകൂട്ടി കണക്കാക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഇതിനായുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

വിദേശത്ത് വച്ച് മരണമടയുന്ന വളരെ നിർധനരായ പ്രവാസിയുടെ അനന്തരാ വകാശികൾക്ക് പ്രസ്തുത മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സ്വന്തം കയ്യിൽ നിന്ന് പണം ചെലവാക്കേണ്ടിവന്നാൽ അതിലൊരു വിഹിതം പരമാവധി 50,000 രൂപ നിശ്ചിത നിബന്ധനകൾക്ക് വിധേയമായി നല്കുന്നതിന് 'കാരുണ്യം' എന്ന പദ്ധതി നിലവിലുണ്ട്. 2009-2010 ലാണ് ഈ പദ്ധതി രൂപീകരിച്ചത്. നാളിതുവരെ 20,42,000 രൂപ ഈ പദ്ധതി പ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 22,57,800 രൂപ നീക്കി യിരുപ്പുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ അവിടെ വച്ച് മരണപ്പെട്ടാൽ

അവരുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിനുള്ള ചെലവുകൾ വഹിക്കുന്ന ചുമതല നിയമപ്രകാരം സ്പോൺസർക്കാണ്. സാമ്പത്തികമായി വളരെയധികം പരാധീനത അനുഭവിക്കുന്നവർക്കും വിദേശത്ത് നിന്ന് മൃതദേഹം കൊണ്ടുവരാൻ സ്വന്തമായി പണം ചെലവാക്കേണ്ടിവന്നവർക്കുമാണ് നിബന്ധനകൾക്ക് വിധേയമായി ധനസഹായം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിനായി അന്വേഷണം നടത്തി അപേക്ഷകരുടെ യഥാർത്ഥ സ്ഥിതി അറിയേണ്ടതുണ്ട്. കാരുണ്യം പദ്ധതിയിൻകീഴിൽ ധാരാളം അപേക്ഷകൾ ലഭിച്ചെങ്കിലും വിശദ പരിശോധനയിൽ അവയിൽ ഭൂരിഭാഗവും അനർഹമായവയാണെന്ന് കണ്ടെത്തുകയാണുണ്ടായത്.

ഈ പദ്ധതിയിൽ ആവശ്യമായ തുക മുൻകൂട്ടി കണക്കാക്കാൻ കഴിയുകയുമില്ല. അനുവദിച്ച തുക ചെലവഴിക്കുന്ന മുറയ്ക്ക് അധിക തുകയ്ക്കായി യഥാസമയം ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

(ഗവ. കത്ത് നമ്പർ 3333/ബി.3/2012/നോർക്ക തീയതി 11-1-2013)

ശുപാർശ

2225-03-800-93—ജസ്റ്റീസ് സച്ചാർ കമ്മിറ്റി ശുപാർശ റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള കമ്മിറ്റി

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനുമായി താഴെപ്പറയും പ്രകാരം തുക അധികമായി വകയിരുത്തേണ്ടതുണ്ട്.

06-12—സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും

ഈ ഇനത്തിൽ 4 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 87, 88)

സർക്കാർ സ്വീകരിച്ച നടപടി

അധികമായി ആവശ്യം വരുന്ന തുക മറ്റ് ശീർഷകങ്ങളിൽ നിന്നും ധനപുനർ വിനിയോഗം വഴി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഗവ. കത്ത് നമ്പർ 51281/എം.ഡബ്ല്യു.1/2012/പൊ.ഭ.വ. തീയതി 26-3-2013)

ശുപാർശ

21-1—വാഹനം വാങ്ങൽ

ഈ ഇനത്തിൽ 13,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ ഒരു വാഹനം ഉള്ളതിനാൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് പുതിയ കാർ വാങ്ങുന്നതിന് തുക അനുവദിക്കാൻ നിർവ്വാഹമില്ല.

(ഗവ. കത്ത് നമ്പർ 51281/എം.ഡബ്ല്യു.1/2012/പൊ.ഭ.വ. തീയതി 26-3-2013)

ശുപാർശ

17—ചെറുകിട മരാമത്തു പണികൾ

ഈ ഇനത്തിൽ 19,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് വർഷം ടി ഇനത്തിൽ അധിക തുക തൽക്കാലം ആവശ്യമില്ല.

(ഗവ. കത്ത് നമ്പർ 51281/എം.ഡബ്ല്യു.1/2012/പൊ.ഭ.വ. തീയതി 26-3-2013)

ശുപാർശ

2225-03-800-83—സ്ത്രീസ്വയംസഹായ ഗ്രൂപ്പ് മുഖേനയുള്ള സ്ത്രീ ശാക്തീകരണം

കുടുംബശ്രീ മാതൃകയിൽ ന്യൂനപക്ഷ വനിതകൾക്ക് സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 9 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതിക്കായി 2225-03-800-93 എന്ന ശീർഷകത്തിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒരു കോടി രൂപ ചെലവായ ശേഷം ആവശ്യമെങ്കിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഗവ. കത്ത് നമ്പർ 51281/എം.ഡബ്ല്യു.1/2012/പൊ.ഭ.വ. തീയതി 26-3-2013)

ശുപാർശ

മുസ്ലീം യുവജനതയുടെ ഇടയിൽ വർദ്ധിച്ചുവരുന്ന വിവാഹബന്ധം വേർപെടുത്തൽ ഒരു പരിധിവരെ ഇല്ലാതാകുംവിധം താലൂക്ക് തലത്തിൽ ജമാ അത്ത് കമ്മിറ്റികളുടെ സഹായത്തോടെ പ്രീ മാരിറ്റൽ കൗൺസിലിംഗിനുള്ള സംവിധാനം ക്രമീകരിക്കുന്നതിന് ഓരോ താലൂക്കിലേക്കും 50,000 രൂപ ക്രമത്തിൽ 63 താലൂക്കിനുമായി ഒരു വർഷത്തേക്ക് 31 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്കായുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ**

ജീവിത ലക്ഷ്യം നേടുന്നതിനുതകുംവിധം അനുയോജ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് പ്രാപ്തമാക്കത്തക്ക രീതിയിൽ കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ 10,12 ബിരുദ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വേണ്ടി വെക്കേഷൻ കാലത്ത് സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയ്ക്കും ഓരോ പ്രോഗ്രാമെന്ന നിലയ്ക്ക് ഓരോ പ്രോഗ്രാമിനും 70,000 രൂപ വീതം പതിനാലു ജില്ലയ്ക്കുമായി 9,80,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലെ സർക്കാർ ആശുപത്രികളോട് ചേർന്ന് ഓരോ ജില്ലയിലും അഞ്ച് ലാബുകൾ വീതം ആരംഭിക്കുകയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പരിശോധനകളും അല്ലാത്തവർക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും പരിശോധനയ്ക്ക് അവസരമുണ്ടാക്കുന്നതിനായി ഓരോ ജില്ലയിലും അഞ്ച് ലാബുകൾ വീതം ഓരോ ലാബിനും 50 ലക്ഷം രൂപാ വീതം 35 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കുഴൽ കിണറുകൾ നിർമ്മിക്കുകയോ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ജലവിതരണ സംവിധാനം ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലേക്ക് ദീർഘിപ്പിച്ചോ നടപ്പാക്കാവുന്നതാണ്. ഇതിനായി 17.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

നിർമ്മാണം കഴിഞ്ഞ് രണ്ടു വർഷമോ അതിൽ കൂടുതലോ ആയിട്ടും ജനലും വാതിലും ഇല്ലാത്ത ഭവനങ്ങളുള്ള ന്യൂനപക്ഷ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരുടെ ഭവനങ്ങളിൽ ജനലും വാതിലും സ്ഥാപിക്കുന്നതിന് ഒരാൾക്ക് 30,000 രൂപ വീതം ഒരു വർഷം 5000 പേർക്ക് വീതം ആകെ 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലും അവിടേയ്ക്കുള്ള പൊതുവഴികളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

[ഖണ്ഡിക 92(i), (iii), (iv), (v), (vi), (vii)]

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കാർ പരിശോധിച്ചുവരുന്നു.

(ഗവ. കത്ത് നമ്പർ 51281/എം.ഡബ്ല്യു.1/2012/പൊ.ഭ.വ. തീയതി 26-3-2013)

ശുപാർശ

**ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വ്യക്തിത്വ വികസന പ്രോഗ്രാമുകൾ**

ന്യൂനപക്ഷ യുവജനതയ്ക്കായി ഹൈസ്ക്കൂൾ, +2 തലത്തിൽ ഒന്നിച്ചും ബിരുദ വിദ്യാർത്ഥികൾക്ക് വേറെയുമായി ജില്ലാതലത്തിൽ രണ്ടു ദിവസത്തെ റസിഡൻഷ്യൽ പേഴ്സണാലിറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടത്തുന്നതിനായി ഒരു ജില്ലയ്ക്ക് 2 പ്രോഗ്രാമുകൾ വീതം പതിനാല് ജില്ലയ്ക്കായി 28 പ്രോഗ്രാമുകളും ഓരോ പ്രോഗ്രാമിനും 1,74,000 രൂപ വീതം ആകെ 48 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

[ഖണ്ഡിക 92(ii)]

സർക്കാർ സ്വീകരിച്ച നടപടി

15-3-2013-ലെ സ.ഉ. (സാധാ) നമ്പർ 2049/2013/പൊ.ഭ.വ. പ്രകാരം 48,86,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 51281/എം.ഡബ്ല്യു.1/2012/പൊ.ഭ.വ. തീയതി 26-3-2013.)

**ഭാഗം II**

**2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ ഗവൺമെന്റിൽ നിന്നും മറുപടി ലഭിക്കാത്ത ശുപാർശകൾ**

ശുപാർശ

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

21—മോട്ടോർ വാഹനങ്ങൾ 1—വാഹനം വാങ്ങൽ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ ഉപയോഗിച്ചുവരുന്ന അംബാസഡർ കാർ കാലപ്പഴക്കം വന്നതിനാൽ ഇത് ലേലം ചെയ്ത് പുതിയ ഒരെണ്ണം വാങ്ങുന്നതിലേക്ക് ആവശ്യമായ 8 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

ശുപാർശ

2015-00-103-99—നിയമസഭയും പാർലമെന്റും

സമ്മതിദായകരുടെ പട്ടിക പുതുക്കലും അച്ചടിയും എല്ലാവർഷവും തുടർച്ചയായി നടന്നുവരുന്ന ഒരു പ്രക്രിയയാണ്. സമ്മതിദായകരുടെ പട്ടികയുടെ പരിഷ്കരണത്തിനും അച്ചടിക്കുംവേണ്ട തുകയാണ് ഈ ഉപശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. അതുപോലെതന്നെ താൽക്കാലിക ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാബത്ത എന്നിവയും സമ്മതിദായകരുടെ പട്ടിക പരിഷ്കരിക്കുന്നതിന്

നിയോഗിക്കപ്പെടുന്നവർക്ക് നൽകുന്നതിനുള്ള പ്രതിഫലം, സാധനസാമഗ്രികളുടെ വില എന്നിവയും സമ്മതിദായകരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുന്നതിനും അവയുടെ മൊത്തത്തിലുള്ള മേൽനോട്ടം നിർവ്വഹിക്കുന്നതിനും ആവശ്യമായ ചെലവ് എന്നിവയും ഈ ഉപശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നുമാണ് നേരിടുന്നത്. കൂടാതെ ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റം (Electoral Roll Management System) എന്ന ഒരു പുതിയ പ്രക്രിയ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായിട്ടുള്ളതിനോടനുബന്ധിച്ച് ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധികചെലവ് വരുന്ന ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 27,36,48,000 രൂപയിൽ ശേഷിക്കുന്ന 18,54,66,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

ശുപാർശ

2015-00-106-99—നിയമസഭ

ഈ ശീർഷകത്തിൽ 2012-13 വർഷത്തേക്കുള്ള ചെലവിനായി 5,000 രൂപയാണ് വകുപ്പ് ശുപാർശ ചെയ്തിരുന്നത്. എന്നാൽ പിറവം നിയമസഭാ മണ്ഡലത്തിലേക്കുള്ള ഉപതെരഞ്ഞെടുപ്പിന്റെ ചെലവുകൾ തീർപ്പാക്കുന്നതിലേക്കും ആസന്നമായ നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് ചെലവുകൾ വഹിക്കുന്നതിലേക്കുമായി 1,00,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

ശുപാർശ

2015-00-109-99—പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

34—മറ്റു ചെലവുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിനും കാലാകാലങ്ങളിലുണ്ടാകുന്ന ഉപതെരഞ്ഞെടുപ്പുകൾക്കും ആവശ്യമായിവരുന്ന തുക ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. കൂടാതെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളുടെ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് കൂടാതെ 150-ഓളം ഉപതെരഞ്ഞെടുപ്പുകൾ ഈ വർഷം നടത്തേണ്ടതായിട്ടുണ്ടെന്നും 2010-ലെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അച്ചടി വകുപ്പിന് 2.25 കോടി രൂപയുടെ ബില്ലുകൾ തീർപ്പാക്കുവാനുണ്ടെന്നും ഒരു ജില്ലാ പഞ്ചായത്ത് വാർഡ് ഉൾപ്പെടെ 23 നിയോജകമണ്ഡലങ്ങളിലേക്ക് മേയ് 15-ന് ഉപതെരഞ്ഞെടുപ്പ് നടത്താൻ കമ്മീഷൻ ഇതിനകം തീരുമാനിച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അനുവദിച്ചുനൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

ശുപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ ഫോട്ടോ പതിച്ച വോട്ടർപട്ടിക ഏർപ്പെടുത്തുന്നതിന് കമ്മീഷൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

ശുപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് മുനിസിപ്പൽ, കോർപ്പറേഷൻ തെരഞ്ഞെടുപ്പുകളിൽ മാത്രമേ നിലവിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിക്കുന്നുള്ളൂ. ത്രിതല പഞ്ചായത്ത് വാർഡുകളിലേക്ക് നടക്കുന്ന ഉപതെരഞ്ഞെടുപ്പുകൾക്കും ഈവർഷം മുതൽ വോട്ടിംഗ് മെഷീൻ ഉപയോഗിക്കാൻ കമ്മീഷൻ ഉദ്ദേശിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പു നടത്തുന്നതിനാവശ്യമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വായ്പയായി നൽകുന്നത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനാണ്. ഇപ്രകാരം ആവശ്യമായിവരുന്ന 8000 എണ്ണം വോട്ടിംഗ് മെഷീന്റെ 25 ശതമാനം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി വാങ്ങേണ്ടതാണെന്നും അല്ലാത്തപക്ഷം തുടർന്നുള്ള തെരഞ്ഞെടുപ്പുകൾക്ക് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വായ്പയായി കമ്മീഷന് നൽകുന്നതല്ലെന്നുമുള്ള കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം 2009-2010 വർഷം 1.15 കോടി രൂപ ഉപയോഗിച്ച് 1060 എണ്ണം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുകയും ചെയ്തു.

കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് ഇലക്ഷന് ഇനിയും 3 വർഷത്തോളമുള്ളതിനാൽ എല്ലാ മെഷീനുകളും കൂടി ഒരുമിച്ചുവാങ്ങാതെ കുറച്ചുവീതം ഓരോ വർഷവും വാങ്ങുന്നതായിരിക്കും ഉചിതമെന്ന് സമിതി കരുതുന്നു. അതിൻപ്രകാരം ഈ വർഷം 200 ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ വാങ്ങുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37, 38)

ശുപാർശ

2070-00-105—സ്പെഷ്യൽ എൻക്വയറി കമ്മീഷനുകൾ

കമ്മീഷനുകളിലെ വാഹനങ്ങൾക്കുള്ള ഇന്ധനചെലവിനത്തിൽ 42 കോടി രൂപ ആവശ്യപ്പെട്ടതിൽ 34 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

ശുപാർശ

2070-00-106—സിവിൽ ഡിഫൻസ്

സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ ഈ ആവശ്യത്തിലേക്കായി 2011-12 വർഷത്തിൽ അനുവദിച്ച 60 ലക്ഷം രൂപ ചെലവഴിക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനായി 60 ലക്ഷം രൂപ വേണ്ടിവരുമെന്നതിനാൽ ഈയിനത്തിൽ 2012-13 വർഷത്തിൽ അനുവദിച്ച 3,84,000 രൂപ കിഴിച്ച് ബാക്കി തുകയായ 56,16,000 രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

**ഉമ്മൻ ചാണ്ടി,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2013 ജൂൺ 24.